# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചെമ്മരുതി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 8/195/2026 കെ.എസ്.എ.റ്റി.വി.എം/ജി.പി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: 8/195/2026 കെ.എസ്.എ.റ്റി.വി.എം/ജി.പി. തീയ്യതി: 21/02/2026

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 19-01-2026 | 30-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-01-2026 | 30-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സിന്ധു പി.എസ്., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ലേഖ എം.എൽ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നീരജ് ഡി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിയങ്ക വി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ഷാനികുമാർ എസ് | സെക്രട്ടറി | 01-04-2024 | 06-01-2025 |
| ശ്രീമതി ശ്രീകല.കെ.വി | സെക്രട്ടറി | 06-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈന ഹാഷിം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ സബിത എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ ഷൈലി എസ് രാജു | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 13-11-2024 |
| ഡോ നിഷ എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 13-11-2024 | 25-01-2025 |
| ഡോ ഗിരിജ എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 26-01-2025 | 31-03-2025 |
| ശ്രീമതി ഷീല വി | ICDS സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സിന്ധു ജിഎസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-05-2024 |
| ശ്രീ അശോക് കുമാർ | ഹെഡ്മാസ്റ്റർ | 13-06-2024 | 31-03-2025 |
| ശ്രീ കെ വിനോദ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 27-01-2025 |
| ശ്രീ രാജേഷ് റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 29-01-2025 | 31-03-2025 |
| ശ്രീ വിനോദ് ആർഎസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 24-02-2025 |
| ശ്രീമതി അമൃത എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-02-2025 | 31-03-2025 |
| ഡോ സവാദ് | വെറ്ററിനറി സർജൻ | 01-04-2024 | 03-04-2024 |
| ഡോ അൻസീന | വെറ്ററിനറി സർജൻ | 04-04-2024 | 31-03-2025 |
| ശ്രീമതി കൃഷ്ണകുമാരി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 30-09-2024 |
| ശ്രീ നിബിൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-10-2024 | 31-10-2024 |
| ശ്രീമതി റീന എ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-11-2024 | 31-03-2025 |
| ശ്രീമതി റോഷ്ണ എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ സൗമ്യ യുഎസ് | മെഡിക്കൽ ഓഫീസർ(FHC) | 01-04-2024 | 31-03-2025 |
| ശ്രീമതി ആശാരാജ് | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ -1 | | |
| ശ്രീമതി പ്രീത.ബി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക ലഭ്യമല്ല | 1-1-2 |
| 4 | പ്രതിമാസ ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-3 |
| 5 | പൂർത്തീകരിക്കാത്ത ചെലവുകൾക്ക് പ്രൊവിഷൻ ഇല്ല | 1-1-4 |
| 6 | ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് | 1-1-5 |
| 7 | ആസ്തിനിർമ്മാണത്തിനായി ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | വിവിധ സ്റ്റേറ്റ്മെന്റുകളിലെ ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | Capital Contribution വിവിധ ഇനങ്ങളിലെ തുകകൾ ഒറ്റ ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-9 |
| 11 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് തുക രേഖകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വസ്തുനികുതി, ഡിമാന്റ് തുക - AFS, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകകൾ അഡ്വാൻസ് ഹെഡിൽ ബുക്ക ചെയ്തിട്ടില്ല | 1-1-12 |
| 14 | ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ക്ഷേമപെൻഷനുകൾ | 1-6 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | പരിഷ്കരിച്ച നിരക്കിൽ തൊഴിൽനികുതി ഈടാക്കിയില്ല | 1-11 |
| 25 | വസ്തുനികുതി തെറ്റായി നിർണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം | 1-12-1 |
| 26 | കെ സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല | 1-12-2 |
| 27 | വസ്തു നികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് നികുതി പുനർ നിർണയിച്ചിട്ടില്ല | 1-12-3 |
| 28 | തച്ചോട് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം - ലേല നിബന്ധന പാലിച്ചില്ല | 1-13 |

| | | |
|---|---|---|
| | - 2,42,293/- രൂപ ഒടുക്കാൻ ശേഷിക്കുന്നു | |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല - 15,561/- രൂപ തടസ്സപ്പെടുത്തുന്നു | 1-14 |
| 30 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ – സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല | 1-15 |
| 31 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ - പദ്ധതി നിർവ്വഹണം തൃപ്തികരമല്ല | 1-16 |
| 32 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 17,67,368/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 33 | രേഖകൾ ഹാജരാക്കിയില്ല - 20,93,357/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 34 | ജലജീവൻ മിഷൻ - അവലോകനം | 1-19 |
| 35 | ഫലവൃക്ഷത്തൈ വിതരണം - പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങൾ അപൂർണം | 1-20 |
| 36 | ഇടവിളക്കിറ്റ് വിതരണം - വിവിധ അപാകങ്ങൾ | 1-21 |
| 37 | പച്ചക്കറികൃഷി ടെറസിലും മുറ്റത്തും - പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ചില്ല | 1-22 |
| 38 | ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം റിംഗ് കമ്പോസ്റ്റ് - അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഫണ്ട് ചെലവഴിച്ചു - 1,87,875/-രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 39 | കിണർ റീചാർജ്ജിംഗ് - പ്രവൃത്തി നടപ്പാക്കിയ ഏജൻസിയിൽ നിന്നും നികുതികൾ ഈടാക്കിയില്ല | 1-24 |
| 40 | ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - അർഹത തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-25 |
| 41 | ഭവന പുനരുദ്ധാരണം - വിവിധ അപാകങ്ങൾ | 1-26 |
| 42 | ലെഗസി മാലിന്യം നീക്കം ചെയ്യൽ - നിർവ്വഹണത്തിലെ അപാകങ്ങൾ | 1-27 |
| 43 | ലൈഫ് ഭവന നിർമ്മാണം - അപാകങ്ങൾ | 1-28 |
| 44 | ലൈഫ് ഭവന പദ്ധതി - അധികം നൽകിയ 2,00,000/- രൂപ നിരാകരിക്കുന്നു | 1-29 |
| 45 | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ - ജെം മുഖേനയുള്ള പ്രോക്യൂർമെന്റ് നടപടികൾ സ്വീകരിച്ചില്ല | 1-30 |
| 46 | കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 50,000/- രൂപ തടസപ്പെടുത്തുന്നു | 1-31 |
| 47 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-32 |
| 48 | യോഗനടപടി - ചട്ടങ്ങൾ പാലിച്ചുകൊണ്ട് യോഗവിവരങ്ങളുടെ മിനിറ്റ്സ് സമയബന്ധിതമായി തയ്യാറാക്കുന്നില്ല | 1-33 |
| 49 | ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല | 1-34 |
| 50 | വയോജനങ്ങൾക്ക് കട്ടിൽ നല്കൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല | 1-35 |
| 51 | വനിതകളുടെ കലാമേള പദ്ധതി - അപാകതകൾ - ചെലവ് തടസ്സപ്പെടുത്തുന്നു - 43,261/- രൂപ | 1-36 |
| 52 | ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം | 1-37 |
| 53 | കുന്നത്തുവാതുക്കൽ പരപ്പകുളം കോൺക്രീറ്റ് - അപാകതകൾ | 1-38 |

| | | |
|---|---|---|
| 54 | എം സി എഫുകളിൽ സോർട്ടിംഗ് ടേബിൾ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലൈഫ് ഭവന പദ്ധതി - അധികം നൽകിയ 2,00,000/- രൂപ നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.25ലെ 2-ാം നമ്പർ തീരുമാനപ്രകാരം 26.07.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

വാർഷികധനകാര്യപത്രികയിലെ അപാകതകളും അവയെ സംബന്ധിച്ച് നൽകിയ എൻക്വയറി (നം. 29/തീയതി 24.01.2026) യ്ക്കുള്ള മറുപടിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു

### 1-1-1 വാർഷിക അനുപാതങ്ങൾ സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക ലഭ്യമല്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ലഭിക്കുന്ന ബിൽ ഷെഡ്യൂൾ Ilgmsൽ ലഭ്യമല്ലാത്തതിനാലാണ് ധനകാര്യപത്രികയോടൊപ്പം സമർപ്പിക്കാൻ കഴിയാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എം -മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-3 പ്രതിമാസ ഡിമാന്റ് എൻട്രി നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 31.03.25 ന മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |
| 110200105 | Profession Tax Traders | |
| 110200101 | Profession Tax Institution | |

നികുതി നിർണ്ണയിക്കുന്നതിനുള്ള ഫയൽ നടപടി പൂർത്തീകരിച്ച് ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതോടൊപ്പം ഓട്ടോ ജേണൽ വരാത്തതിനാൽ വർഷാവസാനം ഡി.സി.ബി തയ്യാറാക്കിയാണ് ഡിമാന്റ് ജേണൽ ചേർക്കുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-4 പൂർത്തീകരിക്കാത്ത ചെലവുകൾക്ക് പ്രൊവിഷൻ ഇല്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ:-ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം). സോഫ്റ്റ് വെയറിൽ ആയതിനുള്ള സൗകര്യം ലഭ്യമല്ല എന്നാണ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. അപാകത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു.

| | |
|---|---|
| I) Sub Treasury, Varkala (799013000000904) | 29.04.24 മുതൽ 08.07.24 വരെ |
| Ii) Kerala Gramin Bank (40351101085646) | 04.08.24 മുതൽ 23.12.24 വരെ |
| Iii)Union Bank Health Grant (29492201000426) | 08.03.25 മുതൽ 30.03.25 വരെ |
| Iv)Federal Bank Housing (11290100430077) | 16.11.24 മുതൽ 22.12.24 വരെ |
| V) IDBI (1734104000072034) | 26.09.24 മുതൽ30.03.25 വരെ |

ബാങ്ക് റീക്കൺസീലിയേഷൻ നടത്തിയ ശേഷം മാത്രമാണ് ബാങ്കിൽ നേരിട്ട് ലഭ്യമായ തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയതെന്നും ആയതിനാലാണ് പ്രസ്തുത ദിവസങ്ങളിൽ നെഗറ്റിവ് തുക പ്രതിഫലിച്ചതെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-6 ആസ്തിനിർമ്മാണത്തിനായി ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് B-11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ഇനത്തിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി നം.22/25, 303/25 എന്നിവ മുഖേന യഥാക്രമം 7,52,675/-രൂ, 3,00,000/-രൂ എന്നീ തുകകൾ തൻവർഷം ആസ്തിനിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/ തീ.24.01.26). തുടർവർഷങ്ങളിൽ അപാകത സംഭവിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആസ്തി

നിർമ്മാണത്തിനായി ചെലവഴിച്ച തുകകൾ കൃത്യമായി വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 വിവിധ സ്റ്റേറ്റ്മെന്റുകളിലെ ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല

ചുവടെപ്പറയുന്ന ഇനങ്ങളുടെ ചെലവ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് (₹) | AFS പ്രകാരം ചെലവ് (₹) |
|---|---|---|
| CFC Tied | 40,66,055 | 39,18,841 |
| CFC Untied | 37,40,228 | 38,87,442 |

Cfc Tied ഫണ്ടിലെ വ്യത്യാസമായ 1,47,214/- രൂപ സ്പിൽ ഓവറിനായി ലഭിച്ചതാണെന്നും ആയത് ട്രഷറിയിൽ നിന്നും നേരിട്ട് ഉപയോഗിച്ചതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. മറുപടി അംഗീകരിക്കാവുന്നതല്ല. വ്യത്യാസത്തിനു കാരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-8 സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 58(4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതികപരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷികധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ (Stock In Hand-Inventories) ഉൾപ്പെടുത്തിയിട്ടില്ല. സോഫ്റ്റ് വെയറിൽ ആയതിനുള്ള സൗകര്യം ലഭ്യമല്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

## 1-1-9 Capital Contribution വിവിധ ഇനങ്ങളിലെ തുകകൾ ഒറ്റ ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഓരോ ഇനം ഗ്രാന്റിൽ നിന്നുമുള്ള Capital Contribution രേഖപ്പെടുത്തുന്നതിനായി പ്രത്യേകം ഹെഡുകൾ നൽകിയിട്ടുണ്ടെങ്കിലും എല്ലാ ഫണ്ടുകളിലെയും തുക ഒന്നായി 312109901 Capital Contribution എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. സാംഖ്യ സോഫ്റ്റ് വെയറിലേതിനു തുടർച്ചയായാണ് ഒറ്റ ഹെഡിൽ രേഖപ്പെടുത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മറുപടി അംഗീകരിക്കാവുന്നതല്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-10 മെഡിസെപ്പ് പ്രീമിയം ഒടുക്ക് തുക രേഖകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം മെഡിസെപ്പ് പ്രീമിയം ഇനത്തിൽ തൻവർഷത്തെ ഒടുക്ക് 87,500/- രൂപയാണ്. എന്നാൽ ധനകാര്യപത്രിക RP 35 പ്രകാരം ഇത് 94,500/- രൂപയാണ്.

30.04.25ൽ അടവാക്കിയ ഫെബ്രുവരി മാസത്തെ തുകയും കൂടി ഉൾപ്പെടുത്തിയതിനാലാണ് അപാകത സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-11 വസ്തുനികുതി, ഡിമാന്റ് തുക - AFS, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

Property Tax On Residential/ Nonresidential Building (Demand & Arrear Demand) എന്നീ ഇനങ്ങളിലെ വാർഷികധനകാര്യപത്രികയിലെ തുകകളും സഞ്ചയ സേഫ്റ്റ് വെയറിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | Demand (₹) | | Arrear Demand (₹) | |
|---|---|---|---|---|
| | ധനകാര്യപത്രിക പ്രകാരം | സഞ്ചയ പ്രകാരം | ധനകാര്യപത്രിക പ്രകാരം | സഞ്ചയ പ്രകാരം |
| Property Tax On Residential Building | 24,92,576 | 24,92,933 | 43,519 | 0 |
| Property Tax On Nonresidential Building | 19,67,029 | 19,65,510 | 1,609 | 0 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിരന്തരമായ അപ്ഡേഷൻ നടക്കുന്നതിനാൽ ലഭ്യമാകുന്ന റിപ്പോർട്ടിൽ കൃത്യത

ഉറപ്പാക്കാൻ സാധിക്കുന്നില്ല എന്നാണ് ഇതോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-12 നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകകൾ അഡ്വാൻസ് ഹെഡിൽ ബുക്ക ചെയ്തിട്ടില്ല

A) പ്രോജക്ട് നം. 292/25 കല്ലണ പാലത്തിനു സമീപം അയിരൂർ ആറിന്റെ സൈഡ് വാൾ സംരക്ഷണം എന്ന പദ്ധതിക്കായി 4,50,000/- രൂപ ജലസേചനവകുപ്പിലേക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ ചെലവ് ധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

B) പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിന് KWAക്ക് തുക അടവാക്കൽ (315/25) എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 6,38,760/- രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ 6,00,000/- രൂപ മാത്രമാണ് ഈയിനത്തിൽ ചേർത്തിട്ടുള്ളത്. പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.
വരും വർഷങ്ങളിൽ പ്രസ്തുത അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-13 ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസനിധി അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റിലും ധനകാര്യപത്രികയുടെ RP-40(b) ഷെഡ്യൂളിലും ആയതിന്റെ തൻവർഷ നീക്കിയിരിപ്പ് 4,904/- രൂപ ആണ്. എന്നാൽ B-2 ഷെഡ്യൂളിൽ ഇത് 7,273/- രൂപ ആണ്. പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 12.02.24 | 28.03.25 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | ₹70,52,422 | ₹70,52,422 |
| പ്രതീക്ഷിത വരവ് | ₹47,18,65,135 | ₹58,06,51,189 |
| ആകെ | ₹47,89,17,557 | ₹58,77,03,611 |
| പ്രതീക്ഷിത ചെലവ് | ₹47,32,90,396 | ₹58,75,75,472 |
| നീക്കിയിരിപ്പ് | ₹56,27,161 | ₹1,28,139 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹6,13,37,708/- |
| വരവ് | ₹7,81,40,920/- |
| ആകെ | ₹13,94,78,628/- |
| ചെലവ് | ₹7,13,20,957/- |
| നീക്കിയിരിപ്പ് | ₹6,81,57,671/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,09,02,588 | 2,09,02,588 | 2,34,92,165 | -25,89,577 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,78,37,608 | 1,78,37,608 | 2,08,07,759 | -29,70,151 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 96,90,592 | 96,90,592 | 40,66,055 | 56,24,537 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 39,98,720 | 39,98,720 | 37,40,228 | 2,58,492 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 87,21,000 | 87,21,000 | 77,39,613 | 9,81,387 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,17,21,000 | 1,17,21,000 | 75,36,079 | 41,84,921 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 22,58,654 | -22,58,654 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 77,20,000 | -77,20,000 |

*സോഴ്സ് ഡിഡക്ഷൻ തുക വികസന ഫണ്ട് ജനറൽ, എസ് സി പി ഇനങ്ങളിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
ധനകാര്യകമ്മീഷൻ ഗ്രാന്റിൽ (CFC Tied, Untied) മുന്നിരിപ്പ് തുക ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ)

| ക്രമ നം. | നിർവ്വഹണം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ (₹) (മറ്റുള്ളവ ഒഴികെ) | പദ്ധതി ചെലവ് (₹) (മറ്റുള്ളവ ഒഴികെ) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 9 | 1 | 41,76,400 | 39,05,542 | 94 |
| 2 | വെറ്ററിനറി സർജൻ | 16 | 16 | - | 44,81,667 | 39,97,286 | 89.2 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 24 | 21 | 3 | 89,02,700 | 64,52,777 | 72.5 |
| 4 | മെഡിക്കൽ ഓഫീസർ ആയുർവേദം | 7 | 7 | - | 13,00,400 | 13,00,400 | 100 |
| 5 | മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | - | 5,55,000 | 5,32,861 | 96 |
| 6 | ഫിഷറീസ് ഓഫീസർ | 2 | 1 | 1 | 79,000 | 48,000 | 60.76 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 27 | 20 | 7 | 1,11,29,631 | 69,73,930 | 62.7 |
| 8 | സെക്രട്ടറി | 47 | 36 | 11 | 2,32,78,197 | 1,71,81,528 | 73.8 |
| 9 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി. എസ്. | 6 | 6 | - | 22,99,300 | 16,08,174 | 69.9 |
| 10 | വി.ഇ.ഒ./എൽ.വി.ഇ.ഒ. | 30 | 28 | 2 | 9,68,58,712 | 3,24,43,425 | 33.5 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) | 86 | 57 | 29 | 3,61,09,193 | 1,71,54,084 | 47.5 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | - | 33,50,000 | 25,58,363 | 76.3 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 6 | 93,71,641 | 55,87,024 | 59.62 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ തൻവർഷം തന്നെ നടപ്പാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 2,91,16,192 | 2,34,92,165 | 80.7 |
| എസ്.സി.പി. | 2,50,00,665 | 2,08,07,759 | 83.2 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 1,43,81,390 | 78,06,283 | 54.3 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,05,59,589 | 22,58,654 | 21.4 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,97,90,000 | 77,20,000 | 19.4 |
| തനത് ഫണ്ട് | 1,76,52,653 | 1,18,80,924 | 67.3 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 1,79,16,371 | 36,18,331 | 20.2 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 1,70,38,260 | 54,93,470 | 32.2 |
| മെയിന്റനൻസ് റോഡ് | 1,25,88,000 | 75,36,079 | 59.9 |
| മെയിന്റനൻസ് റോഡിതരം | 95,09,663 | 77,39,613 | 81.4 |
| മറ്റുള്ളവ | 8,99,25,929 | 74,63,337 | 8.3 |

## 1-6 ക്ഷേമപെൻഷനുകൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 25,84,800 | 158 |
| വിധവ പെൻഷൻ | 2,47,73,600 | 1689 |
| വാർദ്ധക്യകാല പെൻഷൻ | 4,90,08,100 | 3576 |
| വികലാംഗ പെൻഷൻ | 70,25,900 | 441 |
| വിവാഹ ധനസഹായം | 90,000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,89,600 | 26 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-01-2026 തീയതിയിൽ 04.00 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,495/- (ഏഴായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ സംബന്ധിച്ച പരിശോധനാഫലം ചുവടെ ചേർക്കുന്നു.

ഇൻക്യുബൻസി രജിസ്റ്റർ, പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, ക്യാഷൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. നിലവിൽ കെ സ്മാർട്ട് ആയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2024-25 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഗ്രാമസഭ മിനിട്സ് എഴുതി സൂക്ഷിച്ച് വരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. അക്കൗണ്ടുകൾ കുറ്റമറ്റ രീതിയിൽ പരിപാലിച്ച് വരുന്നു. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം

വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ സമയപരിധിക്കുള്ളിൽ തീർപ്പ് കല്പിക്കുകയും മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് പരിപാലിച്ചു വരുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല. പദ്ധതികളുടെ ആസൂത്രണം, അവയുടെ സംഘാടനം, ലക്ഷ്യപ്രാപ്തി, ഉദ്ദേശ്യ ശുദ്ധി എന്നിവയിൽ കുറച്ച് കൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഓരോ പദ്ധതികളും ആവിഷ്കരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൃത്യമായി വിലയിരുത്തി, അവ പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഗുണദോഷങ്ങൾ, ഫലപ്രാപ്തി എന്നിവ കൂടി കണക്കിലെടുത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,075 | 10,70,592 | 10,78,667 | 10,78,575 | 92 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,88,52,676 | 3,88,52,676 | 3,88,52,676 | 0 |
| **ആകെ** | | **3,99,23,268** | **3,99,31,343** | **3,99,31,251** | **92** |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2022 മുതൽ 31.01.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

## 1-11 പരിഷ്കരിച്ച നിരക്കിൽ തൊഴിൽനികുതി ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3 ൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ) നം.1149/2024/LSGD തീ.27.06.2024 പ്രകാരം 2024 രണ്ടാം അർദ്ധവർഷം മുതൽ നികുതി സ്ലാബുകൾ പുനർ നിർണയിച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിൽ 2024-25 വർഷത്തിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാർത്ഥ സ്ലാബ് നിരക്കിലല്ല തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ അപ്രകാരം കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കേണ്ട തുക (₹) | ഈടാക്കിയ തുക (₹) | കുറവ് (₹) |
|---|---|---|---|---|---|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം (എച്ച്.എം.സി ജീവനക്കാർ) | രണ്ടാം അർദ്ധവർഷം | രശ്മി ജി. കുമാർ ലാബ് അസിസ്റ്റന്റ് | 66,000 | 750 | 600 | 150 |
| 2 | | | ചിത്ര എൻ ഡേറ്റാ എൻട്രി | 60,000 | 750 | 600 | 150 |
| 3 | | | അഹല്യ എസ് ഹോസ്പിറ്റൽ | 63,000 | 750 | 600 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അറ്റൻഡർ | | | | |
| 4 | | | ഷാലി എം<br>ജിം ട്രെയ്നർ | 36,000 | 600 | 300 | 300 |
| 5 | കുടുംബാരോഗ്യ കേന്ദ്രം (എൻ.എച്ച്.എം ജീവനക്കാർ) | രണ്ടാം അർദ്ധവർഷം | മീന എം.ആർ (എം.എൽ.എസ്.പി) | 61,500 | 750 | 600 | 150 |
| 6 | കുടുംബാരോഗ്യ കേന്ദ്രം (എൽ.എസ്.ജി.ഡി ജീവനക്കാർ) | രണ്ടാം അർദ്ധവർഷം | മനു<br>പാലിയേറ്റീവ് | 43,800 | 600 | 300 | 300 |
| 7 | ഗവ. വെറ്റിനറി ഡിസ്പെൻസറി, ചെമ്മരുതി | രണ്ടാം അർദ്ധവർഷം | രമാദേവി ജി<br>കാഷ്വൽ സ്വീപ്പർ | 48,000 | 750 | 450 | 300 |
| 8 | മമാനിയ പബ്ലിക് സ്കൂൾ | രണ്ടാം അർദ്ധവർഷം | യഹിയ എ.വി<br>പ്രിൻസിപ്പാൾ | 72,000 | 750 | 600 | 150 |
| 9 | | | സന്ധ്യ കുമാരി വി ആർ<br>ടി.ജി.ടി | 48,000 | 750 | 450 | 300 |
| 10 | | | സിന്ധു എസ്<br>പി.ആർ.ടി | 24,000 | 450 | 180 | 270 |
| 11 | | | ഷീബ.ജി<br>പി.ആർ.ടി | 24,000 | 450 | 180 | 270 |
| 12 | | | ശൈലജ ആർ. നായർ<br>പി.ആർ.ടി | 24,000 | 450 | 180 | 270 |
| 13 | | | ശുഭകുമാരി ഒ<br>പി.ആർ.ടി | 24,000 | 450 | 180 | 270 |
| 14 | | | ഷജീന എസ്.എസ്<br>പി.ആർ.ടി | 24,000 | 450 | 180 | 270 |
| 15 | | | താഹിയ എ.<br>ക്ലാർക്ക് | 24,000 | 450 | 180 | 270 |
| 16 | ജ്യോതിസ് ട്രിനിറ്റി സ്കൂൾ | രണ്ടാം അർദ്ധവർഷം | അംബികകുമാരി<br>ടീച്ചർ | 56,400 | 750 | 450 | 300 |
| 17 | | | ലേഖ എൽ<br>ടീച്ചർ | 72,000 | 750 | 600 | 150 |
| 18 | | | രേഖ ബാഹുലേയൻ<br>ടീച്ചർ | 60,000 | 750 | 600 | 150 |
| 19 | | | മഞ്ജു എം ആർ<br>ടീച്ചർ | 57,600 | 750 | 450 | 300 |
| 20 | | | ഹരിത എച്ച് എസ്<br>ടീച്ചർ | 55,200 | 750 | 450 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 21 | | | ജയശ്രീ ജെ<br>ടീച്ചർ | 42,000 | 600 | 300 | 300 |
| 22 | | | ദേവിക<br>ടീച്ചർ | 54,000 | 750 | 450 | 300 |
| 23 | | | ലാവണ്യ<br>ടീച്ചർ | 49,200 | 750 | 450 | 300 |
| 24 | | | അന്ന എ<br>ടീച്ചർ | 49,800 | 750 | 450 | 300 |
| 25 | | | സുലഭ ആർ<br>ഹെൽപ്പർ | 59,400 | 750 | 450 | 300 |
| 26 | | | സന്ധ്യ<br>സെക്യൂരിറ്റി | 42,000 | 600 | 300 | 300 |
| 27 | | | സോഫി<br>ക്ലീനർ | 42,000 | 600 | 300 | 300 |
| 28 | സർവീസ് കോപ്പറേറ്റീവ് ബാങ്ക്, പനയറ | രണ്ടാം അർദ്ധവർഷം | കാവ്യശ്രീ എം എസ്<br>കളക്ഷൻ ഏജന്റ് | 24,000 | 450 | 180 | 270 |
| 29 | | | ആരണ്യ<br>അനിൽകുമാർ<br>കളക്ഷൻ ഏജന്റ് | 24,000 | 450 | 180 | 270 |
| 30 | | | ശ്രീലേഖ ഡി<br>കളക്ഷൻ ഏജന്റ് | 24,000 | 450 | 180 | 270 |
| 31 | | | ഷൈജു ആർ<br>കളക്ഷൻ ഏജന്റ് | 24,000 | 450 | 180 | 270 |
| 32 | KUCS APCOS, തച്ചോട് | രണ്ടാം അർദ്ധവർഷം | വിശാന്ത് എസ്<br>ലാബ് അസിസ്റ്റന്റ് | 66,420 | 750 | 600 | 150 |
| 33 | | | മിത്ര എം<br>പ്രോക്യുവർമെന്റ്<br>അസിസ്റ്റന്റ് | 62,532 | 750 | 600 | 150 |
| 34 | | | ബേബി എസ്<br>ക്ലീനർ | 65,220 | 750 | 600 | 150 |
| 35 | പൂർണ പബ്ലിഷിങ് & പ്രിന്റിങ് ഹൗസ് | രണ്ടാം അർദ്ധവർഷം | പൂർണലാൽ | 65,000 | 750 | 600 | 150 |
| 36 | | | രജികുമാർ | 48,000 | 750 | 450 | 300 |
| 37 | | | വിനോദ് | 48,043 | 750 | 450 | 300 |
| 38 | | | പ്രദീപ് കുമാർ | 48,000 | 750 | 450 | 300 |
| 39 | | | പ്രവീൺ | 21,668 | 450 | 180 | 270 |
| 40 | | | സിനോജ് | 48,000 | 750 | 450 | 300 |
| 41 | | | മിനി | 29,149 | 450 | 180 | 270 |
| 42 | | | മഞ്ജു | 32,372 | 600 | 300 | 300 |
| 43 | | | ഷൈമ | 32,447 | 600 | 300 | 300 |
| 44 | | | അജിത | 18,000 | 450 | 180 | 270 |
| 45 | | | ജയലക്ഷ്മി | 28,416 | 450 | 180 | 270 |

| | | | | | | | |
|---|---|---|---|---|---|---|---|
| 46 | | | മീന | 22,963 | 450 | 180 | 270 |
| 47 | | | ശ്രീകല | 20,775 | 450 | 180 | 270 |
| 48 | | | ലത സി ലാൽ | 25,179 | 450 | 180 | 270 |
| 49 | | | ലേഖ | 22,528 | 450 | 180 | 270 |
| 50 | | | അനിത | 21,908 | 450 | 180 | 270 |
| 51 | | | സജനി | 12,000 | 320 | 120 | 200 |
| 52 | | | ദീപ | 27,614 | 450 | 180 | 270 |
| 53 | | | ഷീജ | 32,568 | 600 | 300 | 300 |
| 54 | | | ശശികല | 18,000 | 450 | 180 | 270 |
| 55 | | | ശരത് | 12,000 | 320 | 120 | 200 |
| 56 | പി.എൻ. ഡെന്റൽ ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം | കവിത അസിസ്റ്റന്റ് | രേഖപ്പെടുത്തിയിട്ടില്ല | 450* | 180 | 270 |
| 57 | | | നന്ദന അസിസ്റ്റന്റ് | രേഖപ്പെടുത്തിയിട്ടില്ല | 450* | 180 | 270 |
| 58 | | | നിഖിത അസിസ്റ്റന്റ് | രേഖപ്പെടുത്തിയിട്ടില്ല | 450* | 180 | 270 |

*പുതുക്കിയ സ്ലാബ് പ്രകാരം 180/- രൂപ നിരക്ക് ബാധകമല്ലാത്തതും ആയതിന് തത്തുല്യമായ പുതുക്കിയ നിരക്ക് 450/- രൂപയുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/23.01.2026) മറുപടിയായി കുറവ് വന്ന തുക ഈടാക്കാൻ നോട്ടീസ് നൽകിയതിന്റെ വിശദാംശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 വസ്തുനികുതി തെറ്റായി നിർണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം

01.04.2023 മുതൽ നികുതി നിർണയിക്കുന്ന 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40/- രൂപയും 100 ചതുരശ്ര മീറ്റർ മുതൽ 500 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 60/- രൂപയായുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 01.04.2024 മുതൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 42/- രൂപയും 63/- രൂപയുമാണ്. എന്നാൽ 2023 രണ്ടാം അർദ്ധവർഷത്തിൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ "100 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 42/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

എ)

| കെട്ടിട നം. | ഉടമ | വിസ്തീർണം (ചതുരശ്ര മീറ്റർ ) |
|---|---|---|
| 1/316/A | പവിത്രൻ, നന്ദഗോപിനി | 265.26 |

| ഇനം | ഈടാക്കിയത് (രൂപ) | ഈടാക്കേണ്ടത് (രൂപ) |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ) | 42.00 | 63.00 |
| അടിസ്ഥാന വസ്തു നികുതി | 11,140.92 | 16,711.38 |
| (-)ഇളവ് ( 10%) | 1,114.09 | 1,671.138 |
| (+)വർദ്ധനവ് (0 %) | 0 | 0 |
| ആകെ വസ്തു നികുതി | 10,026.83 | 15,041.00 |

| | | |
|---|---|---|
| ലൈബ്രറി സെസ്സ് | 502.00 | 753.00 |
| സർവീസ് ചാർജ് ( 17 %) | 1,705.00 | 2,557.00 |
| ആകെ നികുതി | 12,235.00 | 18,351.00 |

ബി)

| കെട്ടിട നം | ഉടമ | വിസ്തീർണം (ചതുരശ്ര മീറ്റർ ) |
|---|---|---|
| 1/316 B | പവിത്രൻ, നന്ദഗോപിനി | 265.26 |

| ഇനം | ഈടാക്കിയത് (രൂപ) | ഈടാക്കേണ്ടത് (രൂപ) |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ) | 42.00 | 63.00 |
| അടിസ്ഥാന വസ്തു നികുതി | 11,140.92 | 16,711.38 |
| (-)ഇളവ് ( 10%) | 1,114.09 | 1,671.138 |
| (+)വർദ്ധനവ് | 0 | 0 |
| ആകെ വസ്തു നികുതി | 10,026.83 | 15,041.00 |
| ലൈബ്രറി സെസ്സ് | 502.00 | 753.00 |
| സർവീസ് ചാർജ് (17 %) | 1,705.00 | 2,557.00 |
| ആകെ നികുതി | 12,235.00 | 18,351.00 |

അപാകതകൾ സംബന്ധിച്ച വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/24.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് യഥാർഥ നിരക്കിൽ വസ്തുനികുതി കണക്കാക്കി, നികുതി നിർണയിച്ച അർദ്ധവർഷം (2023 രണ്ടാം അർദ്ധവർഷം) മുതലുള്ള കുടിശ്ശിക ഉൾപ്പെടുത്തി ഉടമസ്ഥന് ഡിമാൻഡ് നോട്ടീസ് നൽകേണ്ടതും കുടിശ്ശിക തുക പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12-2 കെ സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018 ലെ സി 3 6865/11 നമ്പർ സർക്കുലർ പ്രകാരം സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് 2013 മുതലുള്ള വസ്തു നികുതി നിർണയം അന്തിമമാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള നികുതി നാളിതുവരെയും നിർണയിച്ചിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരം കെസ്മാർട്ട് മുഖേന പോർട്ട് ചെയ്തതായും കാണുന്നില്ല. ഉദാഹരണം ചുവടെ.

| BuildingID | Ward Year | Ward Number | Doornumber | Doornumber Sub | Ownername | File Status In Sanchaya | File Status In K Smart |
|---|---|---|---|---|---|---|---|
| 50225010005635 | 1993 | 1 | 1182 | B | Vikramakurup | DE Ongoing | Not Ported |
| 50225010006016 | 1993 | 1 | 315 | A | Anilkumar | DE Ongoing | Not Ported |
| 50225010020539 | 2013 | 1 | 591 | | Kochuraman | Approved | Not Ported |
| 50225010001601 | 1993 | 2 | 34 | | G.Krishnan Unnithan | DE Ongoing | Not Ported |
| 50225010010498 | 1993 | 2 | 98 | | S.Devadas | DE Ongoing | Not Ported |
| 50225010014250 | 1993 | 2 | 122 | A | Sheela | DE Ongoing | Not Ported |

| | | | | | | | |
|---|---|---|---|---|---|---|---|
| 50225010014333 | 1993 | 2 | 509 | A | Sajeev | DE Ongoing | Not Ported |
| 50225010020492 | 1993 | 2 | 427 | . | | DE Started | Not Ported |
| 50225010019426 | 2013 | 3 | 900 | | BABU | DE Started | Not Ported |
| 50225010019427 | 2013 | 3 | 708 | | | DE Started | Not Ported |
| 50225010019161 | 2013 | 4 | 420 | | | DE Started | Not Ported |
| 50225010001532 | 1993 | 5 | 87 | | Subhadra Amma | DE Ongoing | Not Ported |
| 50225010002318 | 1993 | 5 | 290 | | Lakshmikutti | DE Ongoing | Not Ported |
| 50225010002603 | 1993 | 5 | 355 | | Raghavanpilla | DE Ongoing | Not Ported |
| 50225010002961 | 1993 | 5 | 477 | | Bharathy | DE Ongoing | Not Ported |
| 50225010003970 | 1993 | 5 | 856 | | Sujatha | DE Ongoing | Not Ported |
| 50225010005433 | 1993 | 6 | 143 | | Nazeera | DE Ongoing | Not Ported |
| 50225010005930 | 1993 | 6 | 317 | | Safarulla | Approved | Not Ported |
| 50225010006098 | 1993 | 6 | 401 | | Siyad Irshad Arshad | DE Ongoing | Not Ported |
| 50225010008848 | 1993 | 7 | 756 | | Isak | DE Ongoing | Not Ported |
| 50225010009860 | 1993 | 7 | 870 | / | Raju.R | DE Ongoing | Not Ported |
| 50225010010137 | 1993 | 7 | 204 | A | K.Muraleedharan | DE Ongoing | Not Ported |
| 50225010019819 | 2013 | 7 | 396 | A | | DE Started | Not Ported |
| 50225010009364 | 1993 | 8 | 365 | | Sudhakaran | DE Ongoing | Not Ported |
| 50225010009864 | 1993 | 8 | 649 | | Vijayamma,Haridas | DE Ongoing | Not Ported |
| 50225010020486 | 1993 | 9 | 192 | A | ANITHA | Approved | Not Ported |
| 50225010011255 | 1993 | 10 | 1122 | | Sivathmaja | DE Ongoing | Not Ported |
| 50225010018836 | 2013 | 10 | 48 | | SHEELA | Approved | Not Ported |
| 50225010019912 | 2013 | 15 | 573 | A | | DE Started | Not Ported |
| 50225010021289 | 2013 | 16 | 313 | C | Imamsha | Verification Pending | Not Ported |

സഞ്ചയയിൽ ഡേറ്റാ എൻട്രി പൂർത്തീകരിക്കാത്തതിന്റെ കാരണവും കെട്ടിടങ്ങളുടെ വിവരം കെ സ്മാർട്ടിലേയ്ക്ക് പോർട്ട് ചെയ്യാത്തതിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/24.01.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി അടിയന്തരമായി പൂർത്തിയാക്കി കെ സ്മാർട്ടിലേക്ക് പോർട്ട് ചെയ്യേണ്ടതാണ്.

## 1-12-3 വസ്തു നികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് നികുതി പുനർ നിർണയിച്ചിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്.

2) സോഫ്റ്റ് വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

3) 2023-2024 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട മേഖലകളുടെ തരം തിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പുതുക്കി നിശ്ചയിക്കേണ്ടതും ആയത് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/24.01.2026) മറുപടി നൽകിയിട്ടില്ല. സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തവിനനനുസൃതമായി വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-13 തച്ചോട് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം - ലേല നിബന്ധന പാലിച്ചില്ല - 2,42,293/- രൂപ ഒടുക്കാൻ ശേഷിക്കുന്നു

തച്ചോട് പബ്ലിക് മാർക്കറ്റിൽ നിന്നും 1/04/2024 മുതൽ 31/03/2025 തിയതി വരെയുള്ള കാലയളവിലേക്ക് ഗേറ്റ് ഫീസ് പിരിവിനുള്ള ലേലം 05.03.2024 തീയതിയിൽ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ലേലത്തിൽ ഉയർന്ന തുകയായ 3,08,000/- രൂപക്ക് ലേലം വിളിച്ച ശ്രീ. ഷംനാദ്, റോഡ് വിള വീട്, ശ്രീനിവാസപുരം എന്ന വ്യക്തിയുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത വ്യക്തി ലേലത്തുകയുടെ മൂന്നിൽ ഒന്ന് തുക (₹1,21,147/-) മാത്രം 06/03/2024 തിയതിയിൽ അടവാക്കുകയും ബാക്കി തുകയായ 2,42,293/- രൂപ നാളിതുവരെയായി അടവാക്കിയിട്ടില്ലാത്തതുമാണ്.

19/02/2024 ലെ ബി1-1546/2024 നമ്പർ ലേലപ്പരസ്യത്തിലെ ലേല നിബന്ധനകളിൽ ലേലം താത്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേലത്തുകയുടെ 1/3 (മൂന്നിലൊന്ന്) തുകയും 18% ജി.എസ്.ടിയും ഉൾപ്പെടെ അപ്പോൾത്തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവെക്കേണ്ടതും ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാൽ മുഴുവൻ തുകയും ഒടുക്കേണ്ടതും അല്ലാത്ത പക്ഷം പ്രസ്തുത തുകയ്ക്ക് തുല്യമായ ഗ്യാരന്റിയുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ലേലതുക അടവാക്കുന്ന അന്നേ ദിവസം തന്നെ ഹാജരാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കൂടാതെ, ലേലം പിടിച്ച ആൾ നിയമാനുസൃതം അടക്കേണ്ട തുക കൃത്യസമയത്ത് അടക്കാതിരിക്കുകയോ, ലേലവ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ ലേലാവകാശം റദ്ദു ചെയ്ത് പുനർ ലേലം ചെയ്യുന്നതും ആദ്യ ലേലക്കാരൻ അടച്ചിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതാണെന്നും ലേല നിബന്ധനയിൽ വ്യക്തമാക്കുന്നു. എന്നാൽ ലേലം കൊണ്ട വ്യക്തി മുഴവൻ തുകയും ഒറ്റത്തവണയായി അടവാക്കാതിരുന്നിട്ടും ലേലനിബന്ധനയിൽ കൃത്യമായി സൂചിപ്പിച്ച സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചതായി കാണുന്നില്ല. 500/- രൂപയുടെ മുദ്രപത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ ഉടമ്പടി മാത്രമാണ് ഫയൽ പരിശോധനയിൽ ലഭ്യമായത്. 30/09/2024, 31/12/2024 തിയതികളിൽ രണ്ട് തുല്യ ഗഡുക്കളായി അടവാക്കേണ്ടിയിരുന്ന 2,42,293/- രൂപ അടവാക്കാതെ ലേലവ്യവസ്ഥകൾ ലംഘിച്ചെങ്കിലും പ്രസ്തുത ലേലം റദ്ദാക്കുകയും ചെയ്തിട്ടില്ല. 23/04/2025 തിയതിയിലെ 2025/6132/01 നമ്പർ റികിസിഷൻ പ്രകാരം പ്രസ്തുത വ്യക്തിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും 9 മാസം കഴിഞ്ഞിട്ടും കുടിശ്ശിക തുക റവന്യൂ വകുപ്പിൽ നിന്നും പിരിഞ്ഞ് കിട്ടിയതായി കാണുന്നില്ല. ലേലം കൊണ്ട വ്യക്തിയുടെ സോൾവൻസി സർട്ടിഫിക്കറ്റ് ലേലവ്യവസ്ഥകൾ പ്രകാരം വാങ്ങി സൂക്ഷിക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/22.01.2026) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. ഷംനാദ്, റോഡ് വിള വീട് എന്ന വ്യക്തി തച്ചോട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തുകയുടെ ബാക്കി തുക ഒടുക്കാത്തതിനാൽ 14.02.2025 തിയതിയിൽ ടിയാന് ആർ.ആർ.ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൻ്റെ കുടുംബത്തിലുണ്ടായ മരണത്തെത്തുടർന്ന് സംഭവിച്ച പ്രശ്നങ്ങൾ മൂലം ലേലത്തുകയുടെ ബാക്കി തുക ഒടുക്കുന്നതിന് മാർച്ച് 31 വരെ മാനുഷികപരിഗണന നൽകി സമയം അനുവദിക്കണമെന്ന് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചതിൻ്റെ അടിസ്ഥാനത്തിൽ ലേലം റദ്ദ് ചെയ്യാതിരുന്നതും മാർച്ച് 31 നകം തുക ഒടുക്കാത്തതിനാൽ ടി വ്യക്തിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതും തുക ഒടുക്കുവരുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതുമാണെന്ന് മറുപടിയിൽ വിശദീകരിക്കുന്നു. എന്നാൽ ലേലം കൊണ്ട വ്യക്തിയിൽ നിന്നും ലേലനിബന്ധന പ്രകാരമുള്ള സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കാത്തത് സംബന്ധിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല. റവന്യൂ റിക്കവറി നടപടിയുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിലയിരുത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല - 15,561/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | S0106/25 |
| പ്രോജക്ടിൻ്റെ പേര് | ഗവ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫിസർ - ഹോമിയോ |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ് നോൺ റോഡ്) |
| ചെലവ് | ₹3,00,000/- |
| ബിൽ നമ്പർ/തീയതി | 282/21.10.2024 |

ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്ന പദ്ധതിയിൽ മേൽ സൂചിപ്പിച്ച ബിൽ നമ്പർ (282/21.10.2024) പ്രകാരം 3,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൻ്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സും, സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ 2,84,439/- രൂപയുടെ മരുന്നുകൾ മാത്രമേ കിട്ടിയിട്ടുള്ളൂ. 15,561/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുള്ളതായി കാണുന്നു. ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷക്കുറിപ്പിന് (നം. 07/20.01.2026) 'ഹോംകോ'ക്ക് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നും ബാക്കി തുകക്കുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്ന് അറിയിച്ചതായും മറുപടി നൽകി. ലഭ്യമാകാനുള്ള മരുന്നുകൾ കിട്ടിയാലുടൻ തന്നെ ആയവ സ്റ്റോക്കിലെടുത്ത് ബില്ലുകളുടെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ – സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | SO108/25 |
| പ്രോജക്ടിൻ്റെ പേര് | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫിസർ (ഹോമിയോ) |
| അടങ്കൽ | ₹60,000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹59,999/- |
| ബിൽ നം | 241/11.09.2024 |

ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഡിസ്പെൻസിങ് ടേബിൾ, കസേര, അലമാര, ഷെൽഫ് എന്നിവ വാങ്ങുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം SIDCO -ൽ നിന്നും 59,999/- രൂപക്ക് താഴെപ്പറയുന്ന ഇനം ഡിസ്പെൻസിങ് ടേബിൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം.തീ | സ്പെസിഫിക്കേഷൻ | നിരക്ക് | എണ്ണം | തുക (₹) |
|---|---|---|---|---|
| നം.TVM/24-25/075 തീ.30.08.2024, | Dispensing Table With Medicine Rack(Steel) Made Out Of 20g CR Sheet Of Size 180x75 Cm. Bottom Of The Table Having 3 Drawer And 3 Cupboard. Table Top Portion | 50847+ 18 % GST | 1 | 59,999/- |

| | | | |
|---|---|---|---|
| | Having 7 Nos Of Bottle Row, Drawer And Cupboard Having Lock And Key Facility | | |

അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) G.O.(Rt)No.134/2024/SPD തീ.25.11.2024 പ്രകാരം സിഡ്കോ നിർമ്മിച്ച തടി/ സ്റ്റീൽ ഫർണീച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ 28.05.2015-ലെ G.O.(Rt)No.26/2015/SPD നമ്പർ ഉത്തരവിലെ അനുബന്ധം I മുതൽ VII വരെയുള്ള നിരക്കുകൾക്ക് വിധേയമായി ടെൻഡർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാനുവൽ വ്യവസ്ഥകൾ പാലിച്ച് ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിയ ഡിസ്പെൻസിങ് ടേബിളിന് മേൽ ഉത്തരവിൽ ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ലാത്തതാണ്. 5000 രൂപയ്ക്ക് മുകളിലുള്ള മേൽ വാങ്ങലിന് ക്വട്ടേഷൻ/ ടെൻഡർ നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ച 02.02.2023 ലെ SPD-A3/55/2022-SPD നമ്പർ സർക്കുലർ പ്രകാരം സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുളള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

2) മേൽ പദ്ധതിയുടെ പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഡിസ്പെൻസിങ് ടേബിൾ വാങ്ങുന്നതിന് 45,000/- രൂപയും കസേര, അലമാര, ഷെൽഫ് എന്നിവ വാങ്ങുന്നതിനായി 15,000/- രൂപയുമാണ് വകയിരുത്തിയത്. എന്നാൽ അടങ്കൽ തുക മുഴുവനായി ചെലവഴിച്ച് ഡിസ്പെൻസിങ് ടേബിൾ മാത്രമായി വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. മേൽ പദ്ധതി ഭേദഗതി വരുത്തിയതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

അറിവില്ലായ്മ കൊണ്ടാണ് മേൽ അപാകങ്ങൾ സംഭവിച്ചതെന്നും മേലിൽ നടപടിക്രമങ്ങൾ പാലിച്ചേ വാങ്ങലുകൾ നടത്തുകയുള്ളൂ എന്നും അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 8/20.01.2026) മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ കർശനമായും പാലിച്ച് വാങ്ങൽ നടത്തേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ - പദ്ധതി നിർവ്വഹണം തൃപ്തികരമല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെപ്പറയുന്ന പദ്ധതികൾ 2024-25 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി നിർവ്വഹിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെച്ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | ചെലവായ തുക (₹) |
|---|---|---|---|
| 1 | 146/25 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ | 3,51,033/- |
| 2 | 271/25 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ | 1,31,747/- |
| 3 | 70/25 | തെരുവുവിളക്ക് പരിപാലനം | 1,61,100/- |

ക്രമ നം. 1, 2 എന്നിവ പ്രകാരം അറ്റകുറ്റപ്പണികൾക്കായി വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും കൃത്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. മിക്ക ഉപകരണങ്ങളുടെയും സ്റ്റോക്ക് 2022 വർഷത്തിനുശേഷം എഴുതിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഉത്തരവാദപ്പെട്ട ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

തെരുവുവിളക്ക് പരിപാലനത്തിനായി ക്ഷണിച്ച ടെണ്ടർ നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന ഉപകരണങ്ങൾ വിനിയോഗിച്ച് തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കേണ്ടതും ആയതു സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കുന്ന നിശ്ചിതമാതൃകയിലുള്ള പ്രൊഫോർമ തയ്യാറാക്കി വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തൽ സഹിതം

സമർപ്പിക്കേണ്ടതാണ് എന്നാണ് വ്യവസ്ഥ. എന്നാൽ അപ്രകാരം ഒരു പ്രൊഫോർമയോ സാക്ഷ്യപ്പെടുത്തലോ ലഭ്യമല്ല. കരാറുകാരൻ എഴുതി സാക്ഷ്യപ്പെടുത്തിയ ഒരു ലിസ്റ്റ് മാത്രമാണ് ഫയലിലുള്ളത്.

പ്രവർത്തനരഹിതമായ കാരണത്താൽ പോസ്റ്റുകളിൽ നിന്നും നീക്കം ചെയ്യുന്ന തെരുവുവിളക്ക് ഉപകരണങ്ങളുടെ പട്ടിക അന്നേ ദിവസം തന്നെ സമർപ്പിക്കണമെന്നും വ്യവസ്ഥയുണ്ട്. അത്തരത്തിലുള്ള പട്ടികയൊന്നും ലഭ്യമല്ല. നീക്കം ചെയ്ത ഉപകരണങ്ങൾ തിരികെ ഏല്പിച്ചതായോ സ്റ്റോക്കിലെടുത്തതായോ രേഖയില്ല.
പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും ഇനം തിരിച്ചുള്ള വാർഡ്തല വിവരങ്ങൾ ഉൾക്കൊള്ളുന്ന തെരുവ് വിളക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുപണം ഉപയോഗിച്ച് നിർവ്വഹിക്കുന്ന പ്രവൃത്തികൾ കൂടുതൽ ഉത്തരവാദിത്തത്തോടെയും കാര്യക്ഷമമായും നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 17,67,368/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ നിക്ഷേപപദ്ധതികളുടെ നിർവ്വഹണത്തിനായി ചുവടെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| പദ്ധതി | | ഫണ്ടിനം | നൽകിയ തുക (₹) | ബിൽ നം/ തീയതി |
|---|---|---|---|---|
| നം | പേര് | | | |
| 73 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 11,055/-<br>34,348/-<br>44,725/- | 558/12.02.25<br>599/24.02.25<br>944/30.03.25 |
| 72 | സ്ലീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 27,459/- | 942/29.03.25 |
| 315 | പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിന് KWAക്ക് തുക അടവാക്കൽ | വികസനഫണ്ട് (ജനറൽ),<br>തനത് ഫണ്ട് | 38,760/-<br>6,00,000/- | 350/12.12.24<br>354/12.12.24 |
| 318 | പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണർ പ്രവർത്തനസജ്ജമാക്കൽ | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 34,105/-<br>2,07,000/- | 281/19.10.24<br>279/19.10.24 |
| 313 | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 1,20,000/- | 280/19.10.24 |
| 269 | സ്ലീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും<br>(ഫയൽ ലഭ്യമാക്കിയിട്ടില്ല) | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 1,99,916/- | 168/26.07.24 |
| 292 | കല്ലുണ പാലത്തിനു സമീപം അയിരൂർ ആറിന്റെ ഇടതുവശം സൈഡ് വാൾ സംരക്ഷണം<br>(വർക്കല ജലസേചന വിഭാഗം) | മെയിന്റനൻസ് ഫണ്ട് (റോഡ്) | 4,50,000/- | 870/20.03.25 |
| | ആകെ | | 17,67,368/- | |

എന്നാൽ പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാക്കിയതായുള്ള വിനിയോഗസാക്ഷ്യപത്രം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 6/19.01.26) മറുപടിയും ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചതായി ഉറപ്പാക്കാനാകാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-18 രേഖകൾ ഹാജരാക്കിയില്ല - 20,93,357/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെപ്പറയുന്ന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകൾ ഓഡിറ്റ് റിക്വിസിഷൻ (നം. 3) മുഖേന ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | ഫണ്ടിനം | ചെലവായ തുക (രൂ.) | ബിൽ നം/ തീയതി |
|---|---|---|---|---|---|
| 1 | 150 | വിവിധ വാർഡുകളിൽ കുടിവെള്ളവിതരണം | CFC ഗ്രാന്റ് | 8,60,000 | 245/18.09.24 |
| 2 | 272 | വിവിധ വാർഡുകളിൽ കുടിവെള്ളവിതരണം | CFC ഗ്രാന്റ് | 7,65,000 | 120/13.06.24 |
| 3 | 271 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ | വികസന ഫണ്ട്(ജനറൽ) | 1,31,747 | 126/13.06.24 |
| 4 | 197 | തെരുവുവിളക്ക് പരിപാലനം എ എം സി | വികസന ഫണ്ട്(ജനറൽ) | 95,300 | 57/09.05.24 – 28,583/- |
| 5 | 68 | തദ്ദേശസ്വയംഭരണസ്ഥാപനതല കായികവികസനം | തനത് ഫണ്ട് | 1,17,120 | 848/19.03.25 – 30,000/- 849/19.03.25 – 87,120/- |
| 6 | 71 | കേരളോത്സവം | തനത്ഫണ്ട് | 1,24,190 | 514/22.01.25 – 90,590/- 843/19.03.25 – 33,600/- |
| ആകെ | | | | 20,93,357/- | |

ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ജലജീവൻ മിഷൻ - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടി വെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം. നം. കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി വാട്ടർ അതോറിറ്റിയിൽ നിന്നും സ്ഥാപനത്തിന് 2,00,00,000/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ നിന്നും 5,60,337/- രൂപ "രാമചന്ദ്രവിലാസം റോഡ് സൈഡ് കോൺക്രീറ്റ്" എന്ന പ്രവൃത്തിക്കായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

## 1-20 ഫലവൃക്ഷത്തൈ വിതരണം - പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങൾ അപൂർണം

| | |
|---|---|
| പ്രോജക്റ്റ് നം. | SO119/25 |
| പ്രോജക്ടിന്റെ പേര് | ഫലവൃക്ഷത്തൈ വിതരണം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | ₹70,000/- (49,000/- വികസന ഫണ്ട് + 21,000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹70,000/- |

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹതയുള്ള 100 കർഷകർക്ക് 1,000/- രൂപ വില വരുന്ന ഫല

വൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രസ്തുത തുകയിൽ 300/- രൂപ ഗുണഭോക്തൃ വിഹിതവും 700/- രൂപ സബ്സിഡിയുമാണ്. MANGO GRAFT KOTTOORKONAM, AYOOR JACK, CHAMPA, GUAVA എന്നീ ഫലവൃക്ഷത്തൈകൾ വാങ്ങുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നത്. അതിൻ പ്രകാരം വർക്കല അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 1000 രൂപ വിലയുള്ള 70 യൂണിറ്റ് ഫലവൃക്ഷ യൂണിറ്റുകൾ 70,000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ലഭിച്ച ഇൻവോയ്സിലോ (നം. 314 തീ. 04.03.2025) ഫലവൃക്ഷങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിലോ, ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം ചെയ്യുന്ന വിതരണ രജിസ്റ്ററിലോ പ്രോജക്ട് പ്രകാരം വാങ്ങി നൽകിയ ഫലവൃക്ഷങ്ങളുടെ പേര് വിവരം വ്യക്തമാക്കിയിട്ടില്ല (ഫലവൃക്ഷത്തൈ യൂണിറ്റ് എന്ന് മാത്രമാണ് രേഖപ്പെടുത്തൽ). ആയതിനാൽ പ്രോജക്ട് രൂപീകരണ ഫാറം പ്രകാരമുള്ള ഫലവൃക്ഷങ്ങളാണോ ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21.01.2026) പ്രോജക്ട് രൂപീകരണ ഫാറം പ്രകാരമുള്ള ഫലവൃക്ഷങ്ങൾ വാങ്ങി വിതരണം ചെയ്യുമെന്നും സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഇൻവോയ്സുകളിൽ ഇനങ്ങളുടെ പേര് വിവരം കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക്/വിതരണ രജിസ്റ്ററുകളിലെ അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-21 ഇടവിളക്കിറ്റ് വിതരണം - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | SO136/25 |
| പ്രോജക്ടിന്റെ പേര് | ഇടവിളക്കിറ്റ് വിതരണം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | ₹1,00,000/- (വികസന ഫണ്ട്) |
| ചെലവ് | ₹1,00,000/- |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന 5 സെന്റിൽ കുറയാതെ സ്വന്തം ഭൂമിയുള്ള കർഷകർക്ക് 250/- രൂപ വില വരുന്ന ഇടവിള കിറ്റ് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. വർക്കല അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 250/- രൂപ വിലയുള്ള 400 യൂണിറ്റ് കിഴങ്ങുവർഗ്ഗ യൂണിറ്റുകളാണ് പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) പ്രോജക്ട് രൂപീകരണ ഫാറത്തിലോ, അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ലഭിച്ച ഇൻവോയ്സിലോ(നം.35 തീ.04.03.2025) സ്റ്റോക്ക് രജിസ്റ്ററിലോ, കിഴങ്ങുവർഗ്ഗങ്ങളുടെ വിതരണ രജിസ്റ്ററിലോ പ്രോജക്ട് പ്രകാരം വാങ്ങി നൽകിയ കിഴങ്ങുവർഗ്ഗങ്ങളുടെ പേരും അവയുടെ തൂക്കവും/അളവും വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ എപ്രകാരമാണ് അഗ്രോ സർവ്വീസ് സെന്റർ പ്രസ്തുത ഇനങ്ങളുടെ തുക കണക്കാക്കിയതെന്നും പ്രസ്തുത ഇനങ്ങൾ പൂർണമായും സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ടോയെന്നും കൃഷി ഓഫീസിൽ നിന്നും അവ പൂർണമായും വിതരണം ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

B) 5 സെന്റിൽ കുറയാതെ സ്വന്തം ഭൂമിയുള്ള കർഷകർക്കാണ് പ്രോജക്ട് പ്രകാരം കിഴങ്ങ് കിറ്റ് നൽകേണ്ടത്. എന്നാൽ വിവിധ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത അളവിൽ ഭൂമി ഉള്ളതായി കാണുന്നില്ല. ഉദാഹരണം – അപേക്ഷ ക്രമ നം.13 ശ്രീമതി പ്രമീള എന്നയാൾക്ക് 4.4 സെന്റ് ഭൂമി മാത്രമാണുള്ളത്.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21.01.2026) ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 പച്ചക്കറികൃഷി ടെറസിലും മുറ്റത്തും - പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | SO111/25 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറികൃഷി ടെറസിലും മുറ്റത്തും |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | ₹2,00,000/- (1,50,000/- വികസന ഫണ്ട് + 50,000/- ഗുണഭോക്തൃ വിഹിതം |

| | |
|---|---|
| ചെലവ് | ₹2,00,000/- |

പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വനിതാ ഗുണഭോക്താക്കൾക്ക് 10 ചെടിച്ചട്ടിയിൽ മണ്ണും വളവും തൈകളും ഉൾപ്പെടെ നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം വർക്കല അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 2,000/- രൂപ വിലയുള്ള 100 യൂണിറ്റുകൾ 2,00,000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് രൂപീകരണ ഫാറത്തിലോ, അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ലഭിച്ച ഇൻവോയ്സിലോ (നം.316 തീ.03.03.2025) സ്റ്റോക്ക് രജിസ്റ്ററിലോ, വിതരണ രജിസ്റ്ററിലോ പ്രോജക്ട് പ്രകാരം വാങ്ങി നൽകിയ ചെടിച്ചട്ടികളുടെ തരം (മൺചട്ടി, HDPE മുതലായവ), ചട്ടിയുടെ സ്പെസിഫിക്കേഷൻ/അളവ്, പച്ചക്കറി തൈകളുടെ ഇനം എന്നിവ വ്യക്തമാക്കിയിട്ടില്ല. കൂടാതെ സ.ഉ(സാധാ)നം.2854/2022/LSGD തീ. 18.11.2022 പ്രകാരം ടെൻഡർ നടപടികളിലൂടെ മാത്രമാണ് മൺചട്ടികൾ വാങ്ങേണ്ടത് എന്നും, കേരള കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ നിന്ന് മാത്രമേ കളിമൺ ചട്ടികൾ നേരിട്ട് വാങ്ങാൻ പാടുള്ളൂവെന്നും സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. [സ.ഉ.(സാധാ)നം.2388/2022/തസ്വഭവ തീയതി 30.09.2022, സർക്കുലർ നം.ഡിഎ1/386/2023-തസ്വഭവ തീ.30.01.2024 എന്നിവ പ്രകാരം}. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയിട്ടുള്ളത്.

2) പ്രോജക്ട് രൂപീകരണ ഫാറം പ്രകാരം വനിതാ ഗുണഭോക്താകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം നൽകേണ്ടത്. എന്നാൽ വനിതകളല്ലാത്ത ഗുണഭോക്താക്കൾക്കും പ്രോജക്ടിൽ ചെടിച്ചട്ടികളും ചെടികളും നൽകിയിട്ടുണ്ട്. ഉദാഹരണം വിതരണ രജിസ്റ്ററിലെ- ക്രമ നമ്പർ 43, ബൈജു വി, ക്രമനമ്പർ 79 പ്രേമരാജൻ എന്നിവർക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21.01.2026) അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളും പദ്ധതി മാർഗരേഖയും കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പ്രകാരം മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം റിംഗ് കമ്പോസ്റ്റ് - അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഫണ്ട് ചെലവഴിച്ചു - 1,87,875/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | SO170/25 |
| പ്രോജക്ടിന്റെ പേര് | ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം റിംഗ് കമ്പോസ്റ്റ് |
| നിർവഹണം | വി.ഇ.ഒ (സർക്കിൾ 1) |
| അടങ്കൽ | ₹10,42,500/-<br>(9,36,999/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 1,251/- തനത് ഫണ്ട് +<br>1,04,250/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹5,62,500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

ഗ്രാമപഞ്ചായത്തിലെ വീടുകളിൽ മാലിന്യം സംസ്കരിക്കുന്നതിനായി റിംഗ് കമ്പോസ്റ്റ് സംവിധാനം ഒരുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 3,750/- രൂപ വിലയുള്ള ഒരു റിംഗ് കമ്പോസ്റ്റിന്റെ 10% തുകയായ 375/- രൂപ ഗുണഭോക്തൃവിഹിതത്തിൽ ഈടാക്കിയ ശേഷം ബാക്കി തുകയായ 3,375/- രൂപ മറ്റ് ഫണ്ടുകളിൽ നിന്നും സ്ഥാപനത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. പദ്ധതി പ്രകാരം 2024-25 വർഷം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ബിന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | ഇൻവോയ്സ് നം. | എണ്ണം | യൂണിറ്റ് നിരക്ക് | തുക (₹) |
|---|---|---|---|---|
| 835/18.03.2025 | നം.SEUF/TVM/Proj/2025/012, തീ.17.03.2025 | 50 | 3,750 | 1,87,500 |
| 934/28.03.2025 | നം.SEUF/TVM/Proj/2025/012, തീ.25.03.2025 | 100 | 3,750 | 3,75,000 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് പ്രകാരം 3,750/- രൂപ വിലയുള്ള 150 റിംഗ് കമ്പോസ്റ്റുകൾ വാങ്ങിയ ഇനത്തിൽ സോഷ്യോ എക്കണോമിക്

യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് ആകെ 5,62,500/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഒരു ബിന്നിന്റെ വിലയുടെ 10 % തുകയായ 375/- രൂപ ഗുണഭോക്തൃവിഹിതത്തിൽ ഈടാക്കിയ ശേഷം ബാക്കി തുകയായ 3,375/- രൂപ മാത്രമാണ് മറ്റ് ഫണ്ടുകളിൽ നിന്നും സ്ഥാപനത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം 56,250/- രൂപ (150x375 രൂപ) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് തുക തടസപ്പെടുത്തുന്നു.

2) പ്രോജക്ട് പ്രകാരം 150 റിംഗ് കമ്പോസ്റ്റുകൾ വാങ്ങിയ ഇനത്തിൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് ആകെ 5,62,500/- രൂപ അനുവദിച്ചിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല.

3) പ്രോജക്ട് പ്രകാരം വാങ്ങിയ 150 റിംഗ് കമ്പോസ്റ്റുകൾ ബിന്നുകളിൽ 111 എണ്ണം വിതരണം ചെയ്തതിന്റെ /സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിത്. ബാക്കിയുള്ള 39 എണ്ണം വാങ്ങി സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സ്ഥാപിക്കാത്ത 39 റിംഗ് കമ്പോസ്റ്റുകൾക്കായി CFC ഗ്രാന്റിനത്തിൽ അനുവദിച്ച 1,31,625/- രൂപ തടസപ്പെടുത്തുന്നു. (ഗുണഭോക്തൃവിഹിതമിനത്തിൽ നൽകിയ തുക ഉപഖണ്ഡിക (1) പ്രകാരം തടസ്സപ്പെടുത്തിയിട്ടുണ്ട്.)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (14/22.01.2026) നടപ്പ് സാമ്പത്തിക വർഷവും മേൽ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കി വരികയാണെന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റിന് ലഭ്യമാക്കാത്ത 39 അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നും നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 1),3) പ്രകാരമുള്ള അപാകങ്ങളിലെ ചെലവ് തുകയായ 1,87,875/- (56,250 + 1,31,625) രൂപ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 കിണർ റീചാർജ്ജിംഗ് - പ്രവൃത്തി നടപ്പാക്കിയ ഏജൻസിയിൽ നിന്നും നികുതികൾ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | SO172/25 |
| പ്രോജക്ടിന്റെ പേര് | കിണർ റീചാർജ്ജിംഗ് |
| നിർവഹണം | വി.ഇ.ഒ (സർക്കിൾ 1) |
| അടങ്കൽ | ₹5,04,000/- (5,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 4,000/- തനത് ഫണ്ട്) |
| ചെലവ് | ₹5,04,000/- |
| ബിൽ നം. | 607/25.02.205 (2,40,000/-), 913/25.03.2025 (2,60,000/-), 914/25.03.2025 (4,000/-) |

ഗ്രാമപഞ്ചായത്തിലെ 42 വീടുകളിൽ കിണർ റീചാർജ്ജിംഗ് നടപ്പാക്കുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. യൂത്ത് മെൻസ് അസോസിയേഷൻ പനയറ എന്ന നിർവഹണ ഏജൻസിയെയാണ് (തിരു: ജില്ലാ കളക്ടറുടെ 16.12.2024 ലെ പി.എൽ.ജി-2600/2024-25/ഡി.പി.സി/ഡി.പി.ഒ/തിരു നമ്പർ കത്ത് പ്രകാരം) കിണർ റീചാർജ്ജിംഗ് നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് പ്രകാരം 42 വീടുകളിൽ കിണർ റീചാർജ്ജിംഗ് നടപ്പാക്കിയ ഇനത്തിൽ 12,000/- രൂപ നിരക്കിൽ ആകെ 5,04,000/- രൂപ നിർവഹണ ഏജൻസിയായ യൂത്ത് മെൻസ് അസോസിയേഷന് അനുവദിച്ചിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ

സർക്കലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പ്രകാരം തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. ഫയലിൽ നിർവഹണ ഏജൻസിയുടെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും സൂക്ഷിച്ചിട്ടില്ല.

2) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും 2 % ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/22.01.2026) നികുതികൾ ഈടാക്കാൻ സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. നികുതികൾ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - അർഹത തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | SO153/25 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങി നൽകൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 33,00,000/- (8,00,000/- വികസന ഫണ്ട് + 13,00,000/- ബ്ലോക്ക് പഞ്ചായത്ത് + 12,00,000/- ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 6,00,000/- (വികസന ഫണ്ട്) |

ലൈഫ് പദ്ധതി (ജനറൽ) പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. മേൽ പദ്ധതി പ്രകാരം ആകെ 3 ഗുണഭോക്താക്കൾക്കാണ് തൻവർഷം ഭൂമി വാങ്ങി നൽകിയത്. സ.ഉ(സാധാ)നം.372/2022/തസ്വഭവ തീ.11.02.2021 പ്രകാരം ലൈഫ് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ വിട്ടുപോയ ഗുണഭോക്താക്കൾക്ക് 20.02.2021 തീയതി വരെയായിരുന്നു അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയിരുന്നത്. എന്നാൽ പദ്ധതി പ്രകാരം ഭൂമി ലഭിച്ച താഴെപ്പറയുന്ന 2 ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരമുള്ള റേഷൻ കാർഡ് 20.02.2021 തീയതിക്ക് ശേഷം വിതരണം ചെയ്തവയാണ്.

| ക്രമ നം | പേര് വിലാസം | റേഷൻകാർഡ് നം. | കാർഡ് വിതരണം ചെയ്ത തീയതി |
|---|---|---|---|
| 1 | നബീസത്ത് മുസരിയ, സൽമ മൻസിൽ, മുട്ടപ്പലം | 1171061689 | 24.09.2021 |
| 2 | ശോഭ ചേട്ടക്കാവിൽ വീട്, കോവൂർ | 1171080414 | 18.12.2021 |

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29.07.2020 ലെ ലൈഫ് 20 നമ്പർ കത്ത് പ്രകാരം ലൈഫ് ഭൂമി വാങ്ങൽ പദ്ധതിയുടെ അപേക്ഷയോടൊപ്പം അപേക്ഷകന്റെയോ അപേക്ഷകൻ ഉൾപ്പെട്ട റേഷൻ കാർഡിലെ കുടുംബാങ്ങളുടെയോ പേരിൽ ഭൂമിയില്ല എന്നുള്ള റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽഗുണഭോക്താക്കളുടെ 20.02.2021 മുമ്പുള്ള റേഷൻ കാർഡിന്റെ പകർപ്പും പ്രസ്തുത റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് ഭൂമിയില്ല എന്നുള്ള റവന്യൂ അധികാരികളുടെ സാക്ഷ്യപത്രവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 19/23.01.2026) രേഖകൾ വാങ്ങി ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകകൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 ഭവന പുനരുദ്ധാരണം - വിവിധ അപാകങ്ങൾ

**1)**

| | |
|---|---|
| പ്രോജക്ട് നം. | SO200/25 (സ്പിൽ ഓവർ) |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | ₹16,12,500/- (12,62,500/- വികസന ഫണ്ട് + 3,50,000/- തനത് ഫണ്ട്) |
| ചെലവ് | ₹13,70,750/- (12,58,250/- + 1,12,500/-) |

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 7,50,000/- രൂപ വരെ ധന സഹായം നൽകുന്നതിനായി 2023-24 മുതൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതാണ് മേൽ പദ്ധതി (സ്പിൽ ഓവർ). ഗ്രാമപഞ്ചായത്തും ഗുണഭോക്താക്കളുമായി ചമച്ച കരാറിൽ 2024 മാർച്ച് 31 നകം ഭവന പുനരുദ്ധാരണം പൂർത്തീകരിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. മേൽ പ്രോജക്ട് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1 | രോഹിണി, ശാന്തിവിലാസം | 07.11.2023 | 37,500 |
| 2 | ഉഷ, കല്ലുവിള വീട് | 07.11.2023 | 37,500 |
| 3 | രാജി, രാജി ഭവൻ | 07.11.2023 | 37,500 |
| 4 | ഷോഫിത, തെക്കതിൽ വീട് | 07.11.2023 | 37,500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 24/23.01.2026) ഗുണഭോക്താക്കൾക്ക് വീടിന്റെ പണി പൂർത്തീകരിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം. | SO201/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ പട്ടികജാതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | ₹31,00,000/- (29,22,365/- വികസന ഫണ്ട് എസ്.സി.പി + 1,77,635/- തനത് ഫണ്ട്) |
| ചെലവ് | ₹27,35,100/- (വികസന ഫണ്ട് എസ്.സി.പി) |

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 1,00,000/- രൂപ വരെ ധന സഹായം നൽകുന്നതിനായി 2023-24 മുതൽ ആവിഷ്കരിച്ച് നടപ്പാക്കിയട്ടുള്ളതാണ് മേൽ പദ്ധതി (സ്പിൽ ഓവർ). ഗ്രാമപഞ്ചായത്തും ഗുണഭോക്താക്കളുമായി ചമച്ച കരാറിൽ 2024 മാർച്ച് 31 നകം ഭവന പുനരുദ്ധാരണം പൂർത്തീകരിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത് (വിവിധ കരാറുകളിൽ വ്യവസ്ഥ രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ പ്രോജക്ട് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1 | ലീല, പറങ്കിമാവിള വീട് | 18.01.2024 | 50,000 |
| 2 | സത്യൻ, കൊച്ചു പൊയ്കയിൽ വീട് | 25.03.2024 | 50,000 |
| 3 | ശാലിനി, കുന്നുവിള വീട് | 21.05.2024 | 50,000 |

3) വീട് വാസയോഗ്യമാക്കൽ ജനറൽ/എസ്.സി.പി പദ്ധതികളുടെ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 24/23.01.2026) ഗുണഭോക്താക്കൾക്ക് വീടിന്റെ പണി പൂർത്തീകരിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 ലെഗസി മാലിന്യം നീക്കം ചെയ്യൽ - നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നം. | SO223/25 (സ്പിൽ ഓവർ) | 165/25 |
| പ്രോജക്ടിന്റെ പേര് | ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് തുക നൽകൽ | ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് തുക നൽകൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | ₹1,55,100/- (വികസന ഫണ്ട്) | ₹2,00,000/- (തനത് ഫണ്ട്) |
| ചെലവ് | ₹1,55,100/- | ₹1,95,551/- |

എം.സി.എഫിൽ നിന്നും പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതികൾ പ്രകാരം 2023-24, 2024-25 വർഷങ്ങളിൽ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്ത ഇനത്തിൽ പാണ്ടാസ് വേൾഡ് എക്കോസൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 5/- രൂപ നിരക്കിൽ 70,130/- കിലോഗ്രാമിന് ആകെ 3,50,651/- രൂപ അനുവദിച്ചിട്ടുണ്ട്. ബിൽ വിശദാംശം ചുവടെ

| Bill No. | Amount (₹) | Fund |
|---|---|---|
| 32/ 09-05-2024 | 91,150.00 | വികസന ഫണ്ട് |
| 33/ 09-05-2024 | 27,800.00 | വികസന ഫണ്ട് |
| 386/ 13-12-2024 | 36,150.00 | വികസന ഫണ്ട് |
| 320/ 22-11-2024 | 1,00,000.00 | തനത് ഫണ്ട് |
| 837/ 18-03-2025 | 95,551.00 | തനത് ഫണ്ട് |
| **ആകെ** | **3,50,651.00** | |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് ചുമലപ്പെടുത്തിയിട്ടുള്ള പാണ്ടാസ് വേൾഡ് എക്കോസൊല്യൂഷൻസ് എന്ന സ്ഥാപനവും ഗ്രാമപഞ്ചായത്തും തമ്മിൽ 2023-24, 2024-25 വർഷം കരാർ ചമച്ചിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനം മാലിന്യം നീക്കം ചെയ്യുന്നതിന്റെ വ്യവസ്ഥകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) എം.സി.എഫിൽ നിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ എം.സി.എഫിൽ സൂക്ഷിച്ചിട്ടുള്ള വില്പന രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിൽ വില്പന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ചുമതയയുള്ള അസിസ്റ്റന്റ് സെക്രട്ടറി/വി.ഇ.ഒ) പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു സേവനത്തിന്റെ കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോഴോ സ്ഥാപനങ്ങളിൽ നിന്നും 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് ഒടുക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ പാണ്ടാസ് വേൾഡ് എക്കോസൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. (837/ 18-03-2025 എന്ന ബില്ലിൽ നിന്നും 1911 മാത്രം ഈടാക്കി). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 25/23.01.2026) സ്ഥാപനവുമായുള്ള കരാർ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും ആദായ നികുതി ഇടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമ്മാണം - അപാകങ്ങൾ

ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ സ.ഉ(എം.എസ്.)34/2018/തസ്വഭവ തീ.16/03/2018 പ്രകാരമുള്ള വ്യവസ്ഥകളും ലൈഫ് മിഷൻ പുറപ്പെടുവിച്ച (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.02.2022 ലെ LM/357/PM(F)/2021 നമ്പർ കത്ത്) വിവിധ നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO285/25 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2022-23 എസ്.സി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | ₹92,60,030 (40,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട് + 12,02,471/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 18,24,880/- ജില്ലാ പഞ്ചായത്ത് വിഹിതം + 22,32,679/- ലോൺ) |
| ചെലവ് | 16,20,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം നടപ്പാക്കിയതുമായി ബന്ധപ്പെട്ട മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**I) സ.ഉ(എം.എസ്.)34/2018/തസ്വഭവ തീ.16/03/2018 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.**

1) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 4 പ്രകാരം ഗുണഭോക്താവിനെ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ (അനുബന്ധം 1) ഗുണഭോക്താവിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ശ്രീമതി ശാന്ത കുമാർ വിലാസം, ശ്രീമതി വള്ളി , തൊടിയിൽ എന്നയാളുടെയും വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 5 പ്രകാരം ഭവന നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി ഗുണഭോക്താവ് ഉത്തരവിലെ അനുബന്ധം 3 ലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ ഗുണഭോക്താക്കൾ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

ഉദാഹരണം - പദ്ധതി ഗുണഭോക്താവായ ശ്രീമതി ശാന്ത കുമാർ വിലാസം എന്നയാളുടെ കരാർ, പ്രോജക്ടിന്റെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ശ്രീമതി പ്രഭ, പ്രതീക്ഷ നിവാസ് എന്നയാൾ സമർപ്പിച്ച കരാറിൽ ഒന്നാം കക്ഷിയായ ഗുണഭോക്താവ് ഒപ്പിട്ടിട്ടുള്ളത് രണ്ടാം കക്ഷി എന്ന രേഖപ്പെടുത്തിയ സ്ഥാനത്താണ്. കൂടാതെ പ്രസ്തുത കരാറിൽ നിർവഹണ ഉദ്യാഗസ്ഥനും (രണ്ടാം കക്ഷി) സാക്ഷികളും ഒപ്പ രേഖപ്പെടുത്തിയിട്ടുമില്ല. മേൽ പ്രോജക്ട് പ്രകാരമുള്ള 24 അപേക്ഷകളോടൊപ്പമുള്ള കരാറുകളിലും നിർവഹണ ഉദ്യാഗസ്ഥനും (രണ്ടാം കക്ഷി) സാക്ഷികളും ഒപ്പ രേഖപ്പെടുത്തിയിട്ടില്ല.

3) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 8 പ്രകാരം ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതി ആവശ്യമാണ്. കെട്ടിട നിർമ്മാണ അനുമതിക്കായി അംഗീകൃത ഡിസൈനർമാരുടെ സാക്ഷ്യപത്രം നിർബന്ധമല്ലായെന്നും ഗുണഭോക്താവിന് തന്നെ പ്ലാൻ തയ്യാറാക്കി കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരമുള്ള 20 അപേക്ഷയോടൊപ്പവും കെട്ടിട നിർമ്മാണ പെർമിറ്റ്/ NOC ലഭ്യമാക്കിയിട്ടില്ല.

4) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ എടുക്കുന്നതിന് ക്രമീകരണം നടത്തേണ്ടതാണെന്നും മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുകളിൽ വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല .കൂടാതെ വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 30/24.01.2026

അപാകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്

**II) ധനസഹായം വിതരണം ചെയ്യുന്നതിൽ അപാകം**

സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40,000(10%), 1,60,000(40%), 1,00,000(25%), 1,00,000(25%) എന്നിങ്ങനെയാണ് അനുവദിച്ചു നൽകേണ്ടത്. എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെ ഓരോ തവണയും വിവിധ നിരക്കുകളിലാണ് തുകകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്. കൂടാതെ ലൈഫ് ഭവന പദ്ധതി രജിസ്റ്ററിൽ വിവിധ ഗുണഭോക്താക്കൾക്ക് ഫണ്ട് അനുവദിച്ച തീയതി, ഫണ്ടിനം, നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഉൾപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 30/24.01.2026) ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഇപ്രകാരം തുക നൽകിയതെന്നും മറ്റ് അപാകങ്ങൾ പരിഹിരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹിരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**III) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

ലൈഫ് മിഷൻ സർക്കുലർ നമ്പർ.ലൈഫ്/എൽ.എഫ്.2/511/2018 തീ.13.04.2018 പ്രകാരം ഭവന നിർമ്മാണത്തിന്റെ ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ വിവിധ ഗുണഭോക്താക്കൾ ഭവന പദ്ധതിയുടെ ആദ്യ ഗഡു/വിവിധ ഗഡുക്കൾ കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 30/24.01.2026 ഗുണഭോക്താക്കൾക്ക് വീടിന്റെ പണി പൂർത്തീകരിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - അധികം നൽകിയ 2,00,000/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | SO214/25 (സ്പിൽ ഓവർ 148/24) |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2023-24 |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | ₹3,32,80,000/- (6,00,450 വികസന ഫണ്ട് + 98,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് + 130150 തനത് ഫണ്ട് + 26,34,700 ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 27,54,700 ജില്ലാ പഞ്ചായത്ത് വിഹിതം + 17,36,000 ലോൺ) |
| ചെലവ് | ₹30,40,000/- (5,60,000 വികസന ഫണ്ട് + 21,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് + 1,20,000 തനത് ഫണ്ട് + 2,60,000 ലോൺ) |

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ(പൊതുവിഭാഗം) സ്പിൽ ഓവർ പ്രോജക്റ്റായാണ് മേൽ പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി ആകെ നാല് ലക്ഷം രൂപ അനുവദിക്കാവുന്നതും പ്രസ്തുത വിവരങ്ങൾ ലൈഫ് ഭവന പദ്ധതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്റ്റിൽ ഇപ്രകാരം 4 ലക്ഷം രൂപ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ചുവടെപ്പറയുന്ന വിവിധ ബിൽ (ബിൽ നം. 41/09.05.2024, 42/09.05.2024 എന്നിവ) പ്രകാരം 40,000/- രൂപ വീണ്ടും വീതം നൽകിയതായി കാണുന്നു. ഇപ്രകാരം നൽകിയ തുകകൾ ലൈഫ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| Project No. | Bill No. Date | Fund | Name | Bank Account No. | Amount (₹) |
|---|---|---|---|---|---|
| 214/2025, [148/2024 (Spill Over As Per ACR)] | 42/09.05.2024 | Development Fund General | JAYAKUMARI | 00920410004607 | 40,000.00 |
| | | | Kusala Kumari | 67138327365 | 40,000.00 |
| | | | Sailabai S | 17340100053157 | 40,000.00 |
| | | | UshaDevi | 67304097444 | 40,000.00 |
| 214/2025 | 41/09.05.2024 | Development Fund General | Jalaja | 076901000009719 | 40,000.00 |
| | | | | **Total** | **2,00,000.00** |

ടി അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം.30/തീ.24.01.2026) അധിക തുക നൽകിയത് സംബന്ധിച്ച എൻക്വയറിയുടെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ

2,00,000/- രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-30 ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ - ജെം മുഖനേയുള്ള പ്രോക്യൂർമെന്റ് നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | SO324/25 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങളും റീ ഏജന്റും വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| അടങ്കൽ | ₹9,72,254/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹9,72,253/- |

എഫ്.എച്ച്.സിയിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തടുത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ജി.ഒ(പി)നം.7/2019/SPD തീ. 26.04.2019, സർക്കുലർ നം.SPD-A2/2022-SPD തീ.09.05.2022 എന്നിവ പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും നിർബന്ധമായും GeM മുഖേന ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫാർമസി എയർ കണ്ടീഷനിംഗ് നടത്തുന്നതിനായി ജയാ ഏജൻസീസ് ആറ്റിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും 38,900/- രൂപയ്ക്ക് LLOYD 1.5 ടൺ എ.സി വാങ്ങിയതും ശ്രീ കൃഷ്ണ ബാറ്ററി ഷോപ്പ്, വർക്കല എന്ന സ്ഥാപനത്തിൽ നിന്നും 39,000/- രൂപയ്ക്ക് Exide Solar BLITZ ബാറ്ററി 3 എണ്ണം വാങ്ങിയതും ക്വട്ടേഷൻ മുഖേനയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം. 09/തീ.21.01.2026) സ്ഥാപനത്തിന് ജെം രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ഇപ്രകാരം വാങ്ങൽ നടത്തിയതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-31 കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 50,000/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | SO322/25 |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റേഷൻ |
| നിർവഹണം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| അടങ്കൽ | ₹50,000/- (തനത് ഫണ്ട്) |
| ചെലവ് | ₹50,000/- |
| ബിൽ നം. | 507/21.01.2025 |

ഗ്രാമപഞ്ചായത്ത് മുഖേന തിരഞ്ഞെടുത്ത ീ. ആദിത്യൻ എന്ന ഗുണഭോക്താവിന് കോക്ലീയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. കോക്ലീയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് 50,000/- രൂപ പ്രോജക്ട് പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇംപ്ലാന്റേഷൻ നടപ്പാക്കിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/തീ.21.01.2026) ക്ക് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 50,000/- രൂപ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

### 1-32 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

അവലംബം ഓഡിറ്റ് എൻക്വയറി നം. 02/19.01.2026 നുള്ള മറുപടി

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | സ്കീം - 1 | സ്കീം - 3 | സ്കീം -4 | ആകെ (₹) |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 2,85,666 | 1,43,981 | 4,29,647 |
| 2023-24 | 0 | 10,48,000 | 4,31,000 | 14,79,000 |

| | | | | |
|---|---|---|---|---|
| 2024-25 | 0 | 7,48,000 | 6,86,000 | 14,34,000 |

2)ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്കീം - 1 | സ്കീം - 3 | സ്കീം -4 | ആകെ (₹) |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 2,12,131 | 58,800 | 2,70,931 |
| 2023-24 | 0 | 1,48,384 | 0 | 1,48,384 |
| 2024-25 | 0 | 9,90,469 | 4,04,647 | 13,95,116 |

3) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തെ പലിശയുൾപ്പെടെയുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു

| ഹെഡ് | ഇനം | തുക (₹) |
|---|---|---|
| 320100202 | Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 4,67,943 |
| 320100204 | Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 7,33,540 |

4) നാളിതുവരെ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം

| വർഷം | പേര് | അടങ്കൽ (₹) |
|---|---|---|
| 2022-23 | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 2,12,131 |
| 2022-23 | ആരോഗ്യ ബോധ വൽക്കരണ പരിപാടികളും ദൈനം ദിന ചെലവുകളും | 58,800 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ( സ്പിൽ ഓവർ) | 72,638 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങളും റീ ഏജന്റും വാങ്ങൽ | 75,746 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങളും റീ ഏജൻറ്റും വാങ്ങൽ (സ്പിൽ ഓവർ) | 9,77,253 |
| 2024-25 | ആരോഗ്യ ബോധ വൽക്കരണ പ്രവർത്തനവും വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തലും (സ്പിൽ ഓവർ) | 4,04,647 |
| 2024-25 | കുടുംബാരോഗ്യ കേന്ദ്രത്തിനു രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 13,216 |

## 1-33 യോഗനടപടി - ചട്ടങ്ങൾ പാലിച്ചുകൊണ്ട് യോഗവിവരങ്ങളുടെ മിനിറ്റ്സ് സമയബന്ധിതമായി തയ്യാറാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (1995 ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ കരട് സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ കരട് അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചു നൽകേണ്ടതും അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്നും ഉപചട്ടം 9, 10 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ 2025 ലെ മിനിട്സ്(ഫെബ്രുവരി 28 വരെ) മാത്രം പരിശോധിച്ചതിൽ ചുവടെ പറയുന്ന തീയതികളിലെ മിനിട്സുകൾ പ്രസ്തുത ചട്ടങ്ങൾ പാലിച്ച് പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| യോഗ തിയതി | യോഗ വിഭാഗം | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 20/01/2025 | ഭരണസമിതി യോഗം | 28/03/2025 | 28/03/2025 |

| | | | |
|---|---|---|---|
| 23/01/2025 | അടിയന്തിര യോഗം/പ്രത്യേക യോഗം | 28/03/2025 | 28/03/2025 |
| 29/01/2025 | ഭരണസമിതി യോഗം | 28/03/2025 | 28/03/2025 |
| 15/02/2025 | ഭരണസമിതി യോഗം | 28/03/2025 | 28/03/2025 |
| 20/02/2025 | ഭരണസമിതി യോഗം | 04/07/2025 | 04/07/2025 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (നം. 36/29.01.2026). ചട്ടങ്ങൾ പാലിച്ചുകൊണ്ട് യോഗവിവരങ്ങളുടെ മിനിറ്റ്സ് തയ്യാറാക്കേണ്ടതാണ്.

## 1-34 ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ ബില്ലിൽ നിന്നും ആദായ നികുതി, TDS കുറവ് ചെയ്ത് നിശ്ചയിച്ചിട്ടുള്ള ഹെഡിൽ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ-

1)

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO76/25, ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | ₹13,00,000/- (വികസന ഫണ്ട് 5,00,000/-, തനത് ഫണ്ട് 5,00,000/-, ബ്ലോക്ക് പഞ്ചായത്ത് 3,00,000/-) |
| ചെലവ് തുക | ₹9,31,381/- (വികസന ഫണ്ട് 4,04,522/- തനത് ഫണ്ട് 3,57,526/-, ബ്ലോക്ക് പഞ്ചായത്ത് 1,69,333/-) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം, / തീയതി / തുക | 24010752059200235832, 31.5.24 – 80,628/-<br>24010752059200379734, 8.7.24 – 76,469/-<br>24010752059200317995 25.6.24 – 46,643/-<br>24010752059200777728, 14.10.24 – 1,06,490/-<br>24010752059201019893, 12.12.24 – 1,18,173/-<br>24010752059201139051, 07.1.25 – 62,843/-<br>24010752059201458711, 07.3.25 – 82,609/-<br>Cheque No. 41286/14.11.24 – 77,047/-<br>Cheque No. 45660/21.12.24 – 6,000/-<br>Cheque No. 41262/12.9.24 – 73,000/-<br>Cheque No. 46227/18.12.25 – 81,000/-<br>Cheque No. 46242/11.3.25 – 45,000/-<br>Cheque No. 41262/12.9.24 – 75,479 |

ബഡ്സ് സ്കൂളിലെ വിവിധ ചെലവുകൾക്കായാണ് പ്രോജക്റ്റ് രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത ചെലവ് ഇനത്തിൽ ബഡ്സ് സ്കൂൾ ഡ്രൈവർക്ക് വിവിധ ബില്ലുകളിൽ നിന്നായി വേതനം നല്കിയിട്ടുണ്ട്. ഒരു ദിവസം 1,200/- രൂപ നിരക്കിൽ ആണ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഡ്രൈവർക്ക് വേതനം നല്കിയിട്ടുള്ളത്. 24-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി വഴി ഡ്രൈവർക്ക് മേൽ സൂചിപ്പിച്ച വിവിധ ബില്ലുകളിൽ നിന്നായി ആകെ 3,59,243/- രൂപ വേതനം നല്കിയിട്ടുണ്ട്.

2)

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO124/25, വയോജനങ്ങൾക്കുള്ള പകൽവീട് പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | ₹9,00,000/- വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | ₹4,99,324/- വികസന ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| | |

| | |
|---|---|
| ബിൽ നം. / തീയതി, തുക | 24010752059501031689 / 13.12.24 – 85,687/-<br>24010752059501031751 / 13.12.24 – 66,304/-<br>24010752059501031723 / 13.12.24 – 76,415/-<br>24010752059501031686 / 13.12.24 – 2,27,606/-<br>24010752059501031757 / 13.12.24 – 43,312/- |

3)

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 199/25, വയോജനങ്ങൾക്കുള്ള പകൽവീട് പ്രവർത്തനങ്ങൾ (സ്പിൽഓവർ) |
| അടങ്കൽ തുക | ₹1,65,009/- വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | ₹1,40,045/- വികസന ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥ | ഐ. സി. ഡി. എസ് സൂപ്പർ വൈസർ |
| ബിൽ നം. / തീയതി, തുക | 24010752059500398752 / 11.7.24 – 1,30,211/-<br>24010752059501570403 / 27.3.24 – 9,834/- |

പകൽവീട് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്കായാണ് പ്രോജക്ടുകൾ രൂപീകരിച്ച് ചെലവ് ചെയ്തിട്ടുള്ളത്. പകൽവീട്ടിൽ നിലവിൽ 20 വയോജനങ്ങളുണ്ട്. ഇവരിൽ 17 പേർ വാഹന സൌകര്യം ഉപയോഗിക്കുന്നു. പകൽ വീട്ടിലേക്ക് വയോജനങ്ങളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടാക്കുന്നതിനും കോൺട്രാക്ട് വ്യവസ്ഥയിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ഒരു ദിവസം 1,800/- രൂപ നിരക്കിൽ ആണ് ഡ്രൈവർക്ക് വേതനം നല്കിയിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി വഴി ഡ്രൈവർക്ക് മേൽ സൂചിപ്പിച്ച വിവിധ ബില്ലുകളിൽ നിന്നായി പ്രോജക്റ്റ് നം. 2 പ്രകാരം ആകെ 3,24,000/- രൂപയും പ്രോജക്റ്റ് നം. 3 പ്രകാരം 81,000/- രൂപയും വേതനം നല്കിയിട്ടുണ്ട്.

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു സേവനത്തിന്റെ കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോഴോ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. കൂടാതെ കരാറുകാരന്റെ PAN വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഡ്രൈവറിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കി ഒടുക്കുവരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 21/23.1.26, നം. 23/23.1.26) ബില്ലിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടിയിരുന്ന ആദായ നികുതി അടുത്ത ബില്ലിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കു വരുത്തുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥർ മറുപടി നല്കി. മേൽ സൂചിപ്പിച്ച മൂന്ന് പദ്ധതികൾ പ്രകാരം ഡ്രൈവർക്ക് വേതനം നല്കിയ ബില്ലിൽ നിന്നും കുറവ് ചെയ്ത് ഈടാക്കേണ്ട ആദായനികുതി ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 വയോജനങ്ങൾക്ക് കട്ടിൽ നല്കൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നം, പേര് | SO133/25 വയോജനങ്ങൾക്കും നിർദ്ധനരായ കിടപ്പുരോഗികൾക്കും കട്ടിൽ |
| അടങ്കൽ തുക | ₹4,00,000/- (വികസനഫണ്ട്) (ജനറൽ) |
| ചെലവ് തുക | ₹3,99,949/- |
| ബിൽ നം. /തീയതി | 797/14.03.2025 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |

60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. സബ്സിഡി മാർഗരേഖ പ്രകാരം 1.98 മീറ്റർ നീളവും 90 Cm വീതിയുമുള്ള (Front Leg-60, Back Leg-50) 8 MM കനമുള്ള പ്ലൈവുഡ് കട്ടിലാണ് വാങ്ങേണ്ടത്. ഈ സ്പെസിഫിക്കേഷനോട് കൂടിയ കട്ടിലാണ് ആർട്ട്കോ ൽ നിന്നും കട്ടിൽ ഒന്നിന് 4,210/- രൂപ നിരക്കിൽ 95 കട്ടിൽ ആകെ 3,99,949/- രൂപയ്ക്ക് (ഇൻവോയ്സ് നം. 2024-25 KLM 171, 14.2.25) പ്രകാരം ടെൻഡർ കൂടാതെ വാങ്ങിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനുള്ള കട്ടിൽ ആർട്ട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതായികാണുന്നില്ല

(G.O.(Rt)No.30/2024/SPD തീ.07.03.2024). പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത (പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ) ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ പാലിച്ച് ക്വട്ടേഷൻ / ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22, 23.1.26) ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിനാലാണ് ക്വട്ടേഷൻ വിളിക്കാതിരുന്നതെന്നും ഭാവിയിൽ ആർട്ട്കോ നിർമ്മിക്കാത്ത സാധനങ്ങൾ ക്വട്ടേഷൻ സ്വീകരിച്ച് വാങ്ങുന്നതാണെന്നും അറിയിച്ചു.

സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 വനിതകളുടെ കലാമേള പദ്ധതി - അപാകതകൾ - ചെലവ് തടസ്സപ്പെടുത്തുന്നു - 43,261/- രൂപ

വനിതകളുടെ കലാമേള പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ-

| | |
|---|---|
| പ്രോജക്ട് നമ്പർ | 178/25 |
| പ്രോജക്ടിന്റെ പേര് | വനിതകളുടെ കലാമേള |
| അടങ്കൽ | ₹50,000/- (വികസന ഫണ്ട് ജനറൽ – 25,000/-,<br>തനത് ഫണ്ട് – 25,000/-) |
| ചെലവ് | ₹43,261/- (വികസന ഫണ്ട് ജനറൽ – 25,000/-, തനത് ഫണ്ട് – 18,261/-) |
| ബിൽ നം./തീയതി<br>തുക | 413/13.12.24 – 25,000/-<br>ചെക്ക് നം. 046201/28.12.24 – 10,250/-<br>ചെക്ക് നം. 042027/22.11.24 – 6,211/-<br>ചെക്ക് നം. 041289/29.11.24 – 1,800/- |
| നിർവ്വഹണം | **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** |

1) വനിതകളുടെ കലാമേള എന്ന പദ്ധതിയ്ക്കായി വിവിധ ബില്ലുകൾ പ്രകാരം ആകെ 43,261/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ചെക്ക് നം. 046201/28.12.24, തുക 10,250/- രൂപ സ്റ്റേജ് ഡെക്കറേഷൻ. കസേരവാടക, കയറ്റിറക്ക്കൂലി, വണ്ടി വാടക എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. രാധാസ് എന്ന സ്ഥാപനത്തിന്റെ ബില്ലാണ് മേൽ ചെലവുകൾക്കായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബിൽ പ്രകാരം ആകെ ചെലവ് 10,000/- രൂപയാണ്. പഞ്ചായത്തിലെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ആയ ശ്രീമതി ആതിര ബി എസ്-ന്റെ ബാങ്ക് അക്കൗണ്ടിലാണ് പ്രസ്തുത ചെലവിനായുള്ള 10,250/- രൂപ നല്കിയിരിക്കുന്നത്. പ്രസ്തുത തുക രാധാസ് എന്ന സ്ഥാപന ഉടമ കൈപ്പറ്റിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2) 8,011/- രൂപ പ്രിന്റിംഗ്, പലവ്യഞ്ജനം (1,800 + 6,211) എന്നിവയുടെ ചെലവിനായി ശ്രീ. സുനിൽ പി, വാർഡ് മെമ്പറുടെ അക്കൌണ്ടിൽ നല്കിയിരിക്കുന്നു. ടി ചെലവിനാധാരമായി അമ്മൂസ് ഫാൻസി, എ. കെ. ഡിസൈൻസ് എന്നീ സ്ഥാപനങ്ങളുടെ ബില്ലുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല പ്രസ്തുത തുകകൾ സ്ഥാപന ഉടമസ്ഥർ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

3) ബിൽ നം. 31746 13.12.24, പ്രകാരം 25,000/- രൂപ സൗണ്ട് സിസ്റ്റം, ഓഡിറ്റോറിയം ബുക്കിംഗ്, മില്ലിൽ നിന്നും സാധനങ്ങൾ വാങ്ങിയ വകയിലും (15,000 + 8,000 + 2,000) ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ആയ ശ്രീമതി ആതിര ബി. എസ്-ന്റെ ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത ചെലവിനായി 25,000/- മാറി നല്കിയിരിക്കുന്നു. പ്രസ്തുത തുകകൾ അതാത് സ്ഥാപന ഉടമകൾ (സജീവ് സൗണ്ട്സ്, തോപ്പിൽ ഓഡിറ്റോറിയം, മനിജ ഓയിൽ മിൽ) കൈപ്പറ്റിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഇത്തരത്തിൽ പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട് വിവിധ വ്യക്തികൾക്ക് അനുവദിക്കേണ്ട തുക ശ്രീ. സുനിൽ പി, വാർഡ് മെമ്പർ, ശ്രീമതി ആതിര ബി. എസ്, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ എന്നിവരുടെ ബാങ്ക് അക്കൗണ്ടിലാണ് മാറി നല്കിയിരിക്കുന്നത്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട വ്യക്തികൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. സ.ഉ(അ)147/2017/ധന തീയതി 16.11.2017 ഉത്തരവ് പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നേരിട്ടാണ് തുക കൈമാറേണ്ടത്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹിച്ച ടി പ്രോജക്ടിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/27/1/26) തുക കൈപ്പറ്റിയ

വ്യക്തികളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നതാണെന്നും ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നല്കി.

മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 43,261/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നല്കേണ്ടതും തുക കൈപ്പറ്റിയ വ്യക്തികളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-37 ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം

ഗ്രാമപഞ്ചായത്തിലെ ശിവപുരം എന്ന സ്ഥലത്താണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്. പ്രസ്തുത ബി.ആർ.സി 2017 ലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ബി.ആർ.സിയിലെ വിശദാംശം ചുവടെ

| | | |
|---|---|---|
| ബി.ആർ.സി ലെ കുട്ടികളുടെ എണ്ണം (31.03.2025 ലെ കണക്ക്) | ആൺ | 18 |
| | പെൺ | 12 |
| തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ബാധിച്ച കു ികളുടെ എണ്ണം | 9 | |

നിലവിൽ ബി.ആർ.സിയിൽ 1200 ച.അടി വിസ്തീർണമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ബി.ആർ.സി കെട്ടിടത്തിന്റെ അകെ വിസ്തീർണം (സ്ക്വയർ ഫീറ്റ്) | 1200 സ്ക്വയർ ഫീറ്റ് | |
| ചുറ്റമതിൽ, ഗേറ്റ് സൗകര്യം | ലഭ്യമാണ് | |
| ബി.ആർ.സി കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി | 24.06.2025 വരെ | |
| ബി.ആർ.സി ഉൾപ്പെട്ട ഭൂമിയുടെ ആകെ വിസ്തീർണം | 15 സെന്റ് | |
| ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം | ലഭ്യമാണ് | |
| ടോയ്‌ലറ്റുകളുടെ എണ്ണം | ആൺകുട്ടികൾക്ക് | 1 |
| | പെൺകുട്ടികൾക്ക് | 1 |

ബി.ആർ.സിയിൽ നിലവിൽ ഒരു ക്ലാസ്സ് മുറിയാണുള്ളത്. ഇത് കൂടാതെ ഫിസിയോതെറാപ്പിമുറി, ഓഫീസ് മുറി, ഒക്യുപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി, ഭക്ഷണമുറി, സ്റ്റോർ, അടുക്കള, വിനോദ മുറി/സ്ഥലം എന്നിവയും ഉണ്ട്.

തൻവർഷം 1 അധ്യാപികയും 2 ആയയുമാണ് ബി.ആർസിയിൽ സേവനം ചെയ്യുന്നത്. പാചകക്കാർ ഇല്ല. Diploma In Special Education In Mental Retardation ആണ് അധ്യാപികയുടെ വിദ്യാഭ്യാസ യോഗ്യത. സ്ഥാപനത്തിന് സ്വന്തമായി വാഹനം ഉണ്ട്. ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ എന്നിവരുടെ സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചു വരുന്നു.

| 2024-25 വർഷത്തിൽ ബി.ആർ.സിക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | | | | | ചെലവ് |
|---|---|---|---|---|---|
| തനത് ഫണ്ട്/പ്ലാൻ ഫണ്ട് | MLA/MP ഫണ്ട് | കുടുംബശ്രീ മുഖേന | സംഭാവന, മറ്റ് വരവുകൾ | ആകെ വരവ് | ആകെ ചെലവ് |
| ₹5,00,000/- (തനത് ഫണ്ട്)<br>₹5,00,000/- (പ്ലാൻ ഫണ്ട്) | 0 | 0 | ₹3,00,000/- (ബ്ലോക്ക് പഞ്ചായത്ത്) | ₹13,00,000/- | ₹9,31,381/- |

(അവലംബം : എൻക്വയറി നം. 05/തീ.19.01.2026).

സ്ഥാപനത്തിന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 കുന്നത്തുവാതുക്കൽ പരപ്പകുളം കോൺക്രീറ്റ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | SO055/25 കുന്നത്തുവാതുക്കൽ പരപ്പകുളം റോഡ് കോൺക്രീറ്റ് |
| അടങ്കൽ തുക | ₹2,00,000/- |
| ചെലവ് തുക | ₹1,72,987/- CFC Grant |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | റജിൻ ആർ. പി. |
| വൗച്ചർ നം./തീയതി | XV/FC/2024-25/P/101, 1.3.25 – 1,72,987/- |
| ബിൽ നം./തീയതി | 611/28.02.225 – 1,72,987/- |

കുന്നത്തുവാതുക്കൽ പരപ്പകുളം കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ 96.8 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യതിന് ഫോം വർക്ക ഉൾപ്പെടയുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ റോഡിന്റെ രണ്ട് വശങ്ങളിലായി ആകെ 58.8 മീറ്റർ നീളത്തിൽ മാത്രമാണ് ഫോം വർക്ക് ചെയ്യേണ്ട ആവശ്യകത ഉണ്ടായിട്ടുള്ളത്. ഒരു വശത്ത് സൈഡ് വാൾ ഉള്ളതിനാൽ ആ വശത്ത് ചെയ്യേണ്ട ആവശ്യകത കാണുന്നില്ല. ഫോം വർക്കിനായി പ്രവൃത്തി മൂല്യത്തിന്റെ 4% തുക നല്കിയിട്ടുണ്ട്. ഫോം വർക്ക് ചെയ്യാത്ത ഭാഗത്തിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നല്കാനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/ തീ.29.01.26) മേൽ പ്രവർത്തിയിൽ ഒരു റോഡിന്റെ ഒരു വശത്ത് പൂർണ്ണമായും ഫോം വർക്ക് ചെയ്തിട്ടില്ല എന്നും എന്നാൽ ഫോം വർക്ക് ചെയ്യാത്ത അളവിലുള്ള പ്രവൃത്തിയുടെ തുക ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല എന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

## 1-39 എം സി എഫുകളിൽ സോർട്ടിംഗ് ടേബിൾ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | SO243/25 എം സി എഫുകളിൽ സോർട്ടിംഗ് ടേബിൾ സ്ഥാപിക്കൽ |
| അടങ്കൽ തുക | ₹2,00,000/- |
| ചെലവ് തുക | ₹1,84,990/- CFC Grant |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നീതു എസ്. |
| വൗച്ചർ നം. / തീയതി | XV/FC/2024-25/P/113, 22.3.25 – 1,80,000/-<br>XV/FC/2024-25/P/121, 26.3.25 – 4,990/- |
| ബിൽ നം. / തീയതി | 600/24.02.25 – 1,84,990/- |

എം.സി.എഫുകളിൽ സോർട്ടിംഗ് ടേബിൾ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 10 സോർട്ടിംഗ് ടേബിൾ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ MCF പ്രവർത്തിക്കുന്നത് തോക്കാട്, ചാവർകോട് എന്നീ സ്ഥലങ്ങളിലാണ്. തോക്കാട് വി.ഇ.ഒ ഓഫീസിന് മുന്നിലുള്ള ഇടുങ്ങിയ സ്ഥലത്ത് യാതൊരു സൗകര്യവും ഇല്ലാതെയാണ് MCF പ്രവർത്തിക്കുന്നത്. പദ്ധതി പ്രകാരം നിർമ്മിച്ച സോർട്ടിംഗ് ടേബിൾ ഇവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ സോർട്ടിംഗ് ടേബിൾ മെറ്റീരിയൽ സെഗ്രിഗേഷന് ഉപയോഗിക്കാതെ അതിനുമുകളിൽ പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കാനായി ഉപയോഗിച്ച് വരുന്നതായി കണ്ടു. വേണ്ടത്ര ഡ്രയിനേജ് സിസ്റ്റം ഇല്ലാത്തതിനാൽ മഴ പെയ്യുമ്പോൾ ഒലിച്ച് വരുന്ന വെള്ളം പ്രസ്തുത MCF ലേക്ക് ഇറങ്ങി പ്ലാസ്റ്റിക് മാലിന്യം നശിച്ച് പോകുമെന്ന കാരണത്താലും സൂക്ഷിക്കാൻ മറ്റ് സൗകര്യം ഇല്ലാത്തതിനാലും ആണ് അവ സോർട്ടിംഗ് ടേബിളിനു മുകളിൽ അടുക്കി സൂക്ഷിക്കുന്നത്. ഇപ്രകാരം സോർട്ടിംഗ് ടേബിൾ ഉദ്ദേശിച്ച കാര്യത്തിന് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്ന് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

പഞ്ചായത്ത് മാലിന്യ മുക്തമായിരിക്കുന്നതിനും ശുചിത്വം നിലനിർത്തുന്നതിനും പ്രാധാന്യം നല്കി കൊണ്ട് രൂപീകരിച്ച പദ്ധതിയിൽ, പദ്ധതിക്ക വേണ്ടി നിർമ്മിച്ച ടേബിൾ ഉപയോഗയോഗ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/തീ.29.01.26) ആവശ്യമായ സൗകര്യങ്ങളോട് കൂടിയ എം.സി.എഫ് പഞ്ചായത്തിൽ ഇല്ലാത്തതിനാലാണ് സോർട്ടിംഗ് ടേബിൾ ഉപയോഗയോഗ്യമാക്കാൻ കഴിയാത്തതെന്നും പ്രസ്തുത വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി സോർട്ടിംഗ് ടേബിൾ ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി - അധികം നൽകിയ 2,00,000/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | SO214/25(സ്പിൽ ഓവർ 148/24) |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2023-24 |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | ₹3,32,80,000/- (6,00,450 വികസന ഫണ്ട് + 98,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് + 1,30,150 തനത് ഫണ്ട് + 26,34,700 ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 27,54,700 ജില്ലാ പഞ്ചായത്ത് വിഹിതം + 1,73,60,000 ലോൺ) |
| ചെലവ് | ₹30,40,000/- (5,60,000 വികസന ഫണ്ട് + 21,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് + 1,20,000 തനത് ഫണ്ട് + 2,60,000 ലോൺ) |

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (പൊതുവിഭാഗം) സ്പിൽ ഓവർ പ്രോജക്ടായാണ് മേൽ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി ആകെ നാല് ലക്ഷം രൂപ അനുവദിക്കാവുന്നതും പ്രസ്തുത വിവരങ്ങൾ ലൈഫ് ഭവന പദ്ധതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന വിവിധ ബിൽ
(ബിൽ നം. 41/09.05.2024, 42/09.05.2024 എന്നിവ) പ്രകാരം നൽകിയ തുകകൾ ലൈഫ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ബിൽ പ്രകാരമുള്ള തുകകൾ കൂടാതെ ഓരോ ഗുണഭോക്താവിനും 4 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

| Project No. | Bill No.Date | Fund | Name | Bank Account No | Amount (₹) |
|---|---|---|---|---|---|
| 214/2025, [148/2024 (Spill Over As Per ACR)] | 42/09.05.2024 2,00,000/- | Development Fund General | JAYAKUMARI | 00920410004607 | 40,000.00 |
| | | | Kusala Kumari | 67138327365 | 40,000.00 |
| | | | Sailabai S | 17340100053157 | 40,000.00 |
| | | | UshaDevi | 67304097444 | 40,000.00 |
| 214/2025 | 41/09.05.2024 1,20,000/- | Development Fund General | Jalaja | 076901000009719 | 40,000.00 |
| | | | | **Total** | **2,00,000.00** |

ലൈഫ് ഭവന പദ്ധതിയുടെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (30/24.01.2026) അധിക തുക നൽകിയത് സംബന്ധിച്ച എൻക്വയറിയുടെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2,00,000/- രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം വിവരങ്ങൾ

ചെമ്മരുതി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ 1/19.01.26 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിന്ന് വിശദ വിവരം ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (രൂ.) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.) (RP 45 ഷെഡ്യൂൾ പ്രകാരം) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.) | റിമാർക്സ് |
|---|---|---|---|---|
| 15 | 94,500 | 94,500** | ഇല്ല | ഇല്ല |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

** വാർഷിക ധനകാര്യ പത്രിക പ്രകാരം 94,500/- രൂപ ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ഒടുക്ക് തുക 87,500/- രൂപയാണ്. വിശദവിവരം ഖണ്ഡിക 1-1-10ൽ നൽകിയിട്ടുണ്ട്.

ഫെബ്രുവരി മാസത്തെ തുക പിരിച്ചെടുത്തെങ്കിലും ഒടുക്കു വരുത്തിയത് 30.04.24ൽ മാത്രമാണ്

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള ടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 4/24 | 2,000 | 2,000 | ഇല്ല | ഇല്ല |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കി യിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) (രൂ.) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.) | റിമാർക്സ് |
|---|---|---|---|---|
| - | - | - | - | - |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| - | - | - | - | - | - |

## 4-2 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് (₹) | വരവ് (₹) | പ്രോജക്ട് | | ചെലവഴിച്ച തുക/തിരിച്ചടച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|---|
| | | | | നം. | പേര് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ൳ | 1,00,000 | 118 | അംഗൻവാടി പോഷകാഹാര വിതരണം | 1,00,000 | 0 |
| | | 0 | 1,69,333 | 76 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ | 1,69,333 | 0 |
| | | 0 | 5,99,998 | 110 | കേദാരം സമഗ്രനെൽക്കൃഷി | 5,99,998 | 0 |
| | | 0 | 6,40,000 | 169 | ലൈഫ് ഭവനനിർമ്മാണം - SCP | 6,40,000 | 0 |
| | | 0 | 3,49,000 | 125 | സ്നേഹസ്പർശം | 3,49,000 | 0 |
| | | 0 | 7,60,000 | 168 | ലൈഫ് ഭവനനിർമ്മാണം | 7,60,000 | 0 |
| | | 0 | 8,00,000 | 87 | ക്ഷീരസമൃദ്ധി | 8,00,000 | 0 |
| | | 0 | 2,00,000 | 2 | സാന്ത്വനപരിചരണം | 2,00,000 | 0 |
| | ആകെ | | **36,18,331** | | | **36,18,331** | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 0 | 11,90,000 | 110 | കേദാരം സമഗ്രനെൽക്കൃഷി | 11,90,000 | 0 |
| | | 0 | 3,48,000 | 125 | സ്നേഹസ്പർശം | 3,48,000 | 0 |
| | | 0 | 23,60,000 | 169 | ലൈഫ് ഭവനനിർമ്മാണം SCP | 23,60,000 | 0 |
| | | 0 | 3,39,470 | 87 | ക്ഷീരസമൃദ്ധി | 3,39,470 | 0 |
| | | 0 | 2,15,000 | 151 | ലൈഫ് ഭവനനിർമ്മാണം ഭൂമിവാങ്ങൽ-SCP | 2,15,000 | 0 |
| | | 0 | 10,20,000 | 168 | ലൈഫ് ഭവനനിർമ്മാണം | 10,20,000 | 0 |
| | | ൳ | 21,000 | 215 | ഹരിതഭവനം | 21,000 | ൳ |
| | ആകെ | | **54,93,470** | | | **54,93,470** | |

വാർഷികധനകാര്യപത്രിക പ്രകാരം

| | 2023 -24 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (₹) | തൻവർഷത്തെ വരവ് (₹) | ആകെ (₹) | സുലേഖ പത്രിക പ്രകാരം ചെലവ് (₹) | നീക്കിയിരിപ്പ് (₹) | 24-25 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 10,46,404 | 36,18,331 | 46,64,735 | 36,18,331 | 10,46,404 | 10,46,404 |
| ജില്ലാ പഞ്ചായത്ത് | 35,200 | 54,93,470 | 55,28,670 | 54,93,470 | 35,200 | 35,200 |

## 4-3 നിക്ഷേപപ്രവൃത്തികൾ

സുലേഖ ചെലവു പത്രിക പ്രകാരം

| നിർവ്വഹണ | പ്രവൃത്തി | മുൻകൂർ | തൻവർഷം ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | നം | പേര് | നൽകിയ തുക (₹) | തുക)വിനിയോഗസാക്ഷ്യപത്രം പ്രകാരം) | ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 73 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 90,128 | | 90,128 |
| | 269 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും വാർഡ് 13,17 | 1,99,916 | | 1,99,916 |
| | 72 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും | 27,459 | - | 27,459 |
| ഭൂജല വകുപ്പ് | 318 | പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണർ പ്രവർത്തനക്ഷമമാക്കൽ | 2,41,105 | - | 2,41,105 |
| | 313 | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 1,20,000 | | 1,20,000 |
| കേരള വാട്ടർ അതോറിറ്റി | 315 | പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിന് KWAക്ക് തുക അടവാക്കൽ | 6,38,760 | - | 6,38,760 |
| ജലസേചന വിഭാഗം | 292 | കല്ലുണ പാലത്തിനു സമീപം അയിരൂർ ആറിന്റെ സൈഡ് വാൾ സംരക്ഷണം | 4,50,000 | - | 4,50,000 |

വാർഷികധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് | 2024-25 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2024-25 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 81,13,200 | 3,17,503 | 84,30,703 | - | 84,30,703 | 84,30,703 |
| വാട്ടർ അതോറിറ്റി | 4,36,400 | 6,38,760 | 10,75,160 | - | 10,75,160 | 10,36,400 |
| ജലസേചന വിഭാഗം | - | 4,50,000 | 4,50,000 | - | 4,50,000 | - |
| ഭൂജല വകുപ്പ് | 10,91,761 | 3,61,105 | 14,52,866 | - | 14,52,866 | 14,52,866 |

A) ജലസേചനവകുപ്പിന് നിക്ഷേപമായി നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
B) നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുകകൾ പൊരുത്തപ്പെടുന്നില്ല.
അപാകതകൾ ഖ.1-1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പാ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP-31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ₹4,72,87,629 | ₹1,04,81,980 | ₹5,77,69,609 | ₹44,54,004 | ₹5,33,15,605 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|---|
| 1 | 2023-24 | 1-12(1) | 203/- | ശ്രീമതി ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനിയർ | 1240103158/ 04.02.25 |
| 2 | 2023-24 | 1-40 | 6,071/- | ശ്രീമതി ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനിയർ | 1240103159/ 04.02.25 |
| 3 | 2023-24 | 1-12(4) | 591/- | ശ്രീമതി ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനിയർ | 1240103160/ 04.02.25 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | പരാമർശം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 97-98 | 2002-03 | | അംഗീകരിച്ച നിരക്കിനെക്കാൾ കൂടിയ വിലയ്ക്ക് തയ്യൽ മെഷീൻ വാങ്ങി നഷ്ടം 17,904/- രൂപ | ഒറിജിനൽ ബില്ലുകളും ഫയലും ഹാജരാക്കാത്തതിനാൽ ഉത്തരവാദിയായ മുൻ സെക്രട്ടറിയിൽ നിന്നും പലിശ സഹിതം ഈടാക്കാൻ ശുപാർശ ചെയ്തു |
| 2000-01 | 2003-04 | | അങ്കണവാടിക്ക് സ്ഥലം വാങ്ങിയതിൽ അപാകത; മുത്താനപുതുവൽ റോഡ് മെറ്റലിംഗ്, ടാറിംഗ് തുക അധികം നൽകി | - |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | ₹6,13,37,708/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,81,40,920/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,13,20,957/- |
| നീക്കിയിരിപ്പ് | ₹6,81,57,671/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,00,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹41,57,422/-** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ ചെലവിനത്തിലെ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,00,000/- | ശ്രീമതി ആശാരാജ്, വി.ഇ.ഒ. സർക്കിൾ 1 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 15,561/- | ഡോ. സബിത, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-17 | 17,67,368/- | (11,99,781/-) ശ്രീ. ഷാനികുമാർ എസ്, സെക്രട്ടറി |
| | | (5,67,587/-) ശ്രീമതി ശ്രീകല കെ.വി, സെക്രട്ടറി |
| 1-18 | 20,93,357/- | (18,52,047/-) ശ്രീ. ഷാനികുമാർ എസ്, സെക്രട്ടറി |
| | | (2,41,310/-) ശ്രീമതി ശ്രീകല കെ.വി, സെക്രട്ടറി |
| 1-23 | 1,87,875/- | ശ്രീമതി ആശാരാജ്, വി.ഇ.ഒ. സർക്കിൾ I |
| 1-31 | 50,000/- | ഡോ. സൗമ്യ യു.എസ്, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. |
| 1-36 | 43,261/- | ശ്രീമതി ഷീല വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | **41,57,422** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സബിത, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ | DN 306 Lane 3, ദർശൻ നഗർ, പേരൂർക്കട പി.ഒ. |
| ശ്രീ. ഷാനികുമാർ എസ്., സെക്രട്ടറി | വിരമിച്ചു | ശ്രീ കൃഷ്ണാസ്, കാട്ടുകുളം, ചിറയിൻകീഴ് |
| ശ്രീമതി ശ്രീകല കെ.വി., സെക്രട്ടറി | സെക്രട്ടറി | TC 28/372, ശിവകൃപ, ഭജനമഠം ലെയിൻ, കൈതമുക്ക്, പേട്ട -24 |
| ശ്രീമതി ആശാരാജ്, വി.ഇ.ഒ. സർക്കിൾ I | വി.ഇ.ഒ. സർക്കിൾ I, ചെമ്മരുതി ഗ്രാമപഞ്ചായത്ത് | സുജിത്ത് നിവാസ്, വലിയകുന്ന്, കിഴുവിലം പി.ഒ |
| ഡോ. സൗമ്യ യു.എസ്., മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | ഉഷസ്, മൊട്ടക്കാവ്, ചുള്ളിമാനൂർ, നെടുമങ്ങാട് |

| | | |
|---|---|---|
| ശ്രീമതി ഷീല വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചെമ്മരുതി ഗ്രാമപഞ്ചായത്ത് | സരയു, പറകുന്ന് പി.ഒ, നാവായിക്കുളം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 മുതൽ 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/154/2022 തീയതി. 12.10.2022 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/154/2022 തീയതി. 22.05.2023 | 3 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/470/2022 തീയതി. 22.05.2023 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1951/2021 തീയതി. 02.04.2024 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1062/2022 തീയതി. 05.03.2024 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/2136/2022 തീയതി. 13.06.2024 | 34 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1553/2023 തീയതി. 13.03.2024 | 49 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1888/2024 തീയതി. 22.12.2024 | 48 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 19-07-2025 and submitted on 26-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chemmaruthy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chemmaruthy Grama Panchayat as on 31-03-2025

**Date: 21/02/2026** **Deputy Director(H.G)**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chemmaruthy Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1. The annual ratios as required under Rule 62(2)(f) of the Kerala Panchayat Raj (Accounts) Rules, 2011, and the Notes to Accounts prescribed under Rule 62(2)(f) have not been prepared and submitted along with the Annual Financial Statements.

2. The adjusted B-1 Schedule showing the results of operations for the current year has not been submitted along with the Annual Financial Statements.

3. As per Rule 17(2) of the Kerala Panchayat Raj (Accounts) Rules, the Panchayat shall record the monthly demand for each item of accruable income through journal entries. However, the Panchayat has not raised monthly demands for Property Tax and Profession Tax. The entries have been recorded only at the end of the financial year 2024-25.

4. As per Rule 58(4)(a) of the Kerala Panchayat Raj (Accounts) Rules, a physical verification and reconciliation of stock shall be conducted at the end of each financial year. However, under Schedule B-14 of the Annual Financial Statements, the Stock in Hand has been recorded as nil.

5. Loan and deposit registers are not maintained.

6. As per Rule 28 of the Kerala Panchayat Raj (Accounts) Rules, the Panchayat shall make provisions at the end of each financial year for expenses incurred but not yet paid. The cut-off date for determining such provisions shall be 30 days prior to the date of preparation of the Annual Financial Statements. However, for the financial year 2024-25, no provisions have been created in the Balance Sheet for expenses that could not be completed within the year (e.g., honorarium to elected representatives, fuel expenses, etc.).

7. On verification of bank books, accounts show credit balance for certain periods which indicates discrepancies in accounting amount credited in time.

8. Capital contribution made under each grant has not been booked separately.

9. Expenditure pertaining to various grants depicted in grant statement and annual financial statement does not match with each other.

10. Amount shown as demand and arrear demand of building tax as shown in AFS differs with Sanchaya Software.

11. The closing balance of distress relief fund as shown in B2 Schedule of AFS (Rs.7,273/-) differs with bank statement (Rs.4,904/-) and the difference has not been reconciled.

12. Expenditure net towards Project No. 292/25 (Rs.4,50,000/-, given to Kerala Water Authority for side wall construction at Ayiroor river) has not been included in the B18 schedule of AFS.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്